2012 February 10
Vol : 05
Issue : 03

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. No.KERMAL/2008/26530 Postal Reg. No. KL/TLA 225/2012 -14 Annual Subscription Rs. 100/- Pages: 12

# മലബാർ റീജിയന്റെ പേരിൽ ഐ. പി. സിയിൽ പോരാട്ടം ശക്തം

❖സ്റ്റേറ്റ് കൺവൻഷന് നിരോധനം❖മലബാർ റീജിയൻ രൂപീകരണത്തിന് കമ്മീഷൻ❖കേരളാ സ്റ്റേറ്റിന്റെ അനുവാദമില്ലാതെ കമ്മീഷൻ തെളിവെടുപ്പിനുള്ള ശ്രമം തടഞ്ഞു ❖തിരുവിതാംകൂർ റീജിയനും വേണമെന്ന ആവശ്യം ഉയരുന്നു❖പ്രശ്നങ്ങൾ പുതിയ മാനത്തിലേക്ക്







**കുമ്പനാട്:** നിലമ്പൂരിൽ നടന്ന കേരളാ സ്റ്റേറ്റ് ഐ. പി. സി. കൺവൻഷനിലെ ജനപങ്കാളിത്വവും വിജയവും കണ്ട് ഹാലിളകിയ ജനറൽ കൗൺസിലുകാർ കൺവൻഷന് കടിഞ്ഞാണിടുവാൻ നടത്തിയ നീക്കങ്ങളോടെ കലുഷിതമായ അന്തരീക്ഷം മലബാർ റീജിയൻ രൂപീകരണത്തിന് മുന്നോടിയായി ജനറൽ കൗൺസിൽ കമ്മീഷനെ നിയമിച്ചതോടെ പുതിയ തലത്തിലേക്ക് എത്തി. രൂക്ഷമായ പ്രശ്നങ്ങളിലേക്ക് നീങ്ങുന്ന നിലയിൽ കേരളാ സ്റ്റേറ്റ് കൗൺസിലും ജനറൽ കൗൺസിലും തമ്മിൽ പോര് ശക്തമായി. നവംബറിൽ നിലമ്പൂരിൽ നടന്ന കേരളാ സ്റ്റേറ്റ് ഐ. പി. സി. കൺവൻഷൻ വിജയമായി മാറിയിരുന്നു. ഇതിനെ എതിർത്തു വന്ന വിഭാഗം ആരോപിച്ചതുപോലെ കുമ്പനാട് കൺവൻഷനെ ഇത് യാതൊരുവിധത്തിലും ബാധിച്ചില്ല. ആദ്യ ദിവസം മുതൽ തന്നെ കുമ്പനാട് കൺവൻഷനിൽ രാത്രിയോഗങ്ങളിൽ ജനപങ്കാളിത്വം ഇക്കുറി വർദ്ധിക്കുകയാണ് ചെയ്തത്. പതിനേഴാം തീയതി നടന്ന ജനറൽ കൗൺസിൽ മീറ്റിംഗിൽ കോട്ടയത്തുനിന്നുള്ള ഒരു ജനറൽ കൗൺസിൽ അംഗം സ്റ്റേറ്റ് കൺവൻഷൻ കുമ്പനാട് കൺവൻഷനെ ബാധിച്ചോ എന്നു ചോദിച്ചതും ജനറൽ പ്രസി

☞ 03

## നിയമിതനായി



ബിലീവേഴ്സ് ജേണൽ അസോസ്സിയേറ്റ് എഡിറ്ററായി പാസ്റ്റർ ജോസ് മാത്യു, ബാംഗ്ലൂർ നിയമിതനായി. വാർത്ത 05

## പാസ്റ്റർ കെ. സി. തോമസിനെ അട്ടിമറിക്കാൻ നീക്കം



ഐ. പി. സി. കേരളാ സ്റ്റേറ്റ് പ്രസിഡന്റായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുവാൻ സാധ്യത തെളിഞ്ഞ പാസ്റ്റർ കെ. സി. തോമസിനെ അട്ടിമറിക്കുവാൻ ഒരു വിഭാഗം കിണഞ്ഞു ശ്രമിക്കുന്നു. ജനറലിൽ പ്രസിഡന്റായി പാസ്റ്റർ വത്സൻ ഏബ്രഹാം വരുമ്പോൾ അദ്ദേഹത്തിന്റെ കീഴിൽ സെക്രട്ടറിയായിരിക്കുവാൻ മാനസിക ബുദ്ധിമുട്ടുണ്ട് എന്ന പേരിലാണ് കെ. സി. തോമസിനെ മാറ്റി സ്റ്റേറ്റ് പ്രസിഡന്റാകുവാൻ ജനറലിലെ ഒരു പ്രമുഖനുവേണ്ടി കരുക്കൾ നീക്കുന്നത്. എന്നാൽ പാസ്റ്റർ കെ. സി. തോമസ് ഇതിനെ ചെറുക്കുന്നു. വരും ദിവസങ്ങൾ ഈ ലോബി പിടിമുറുക്കുവാൻ സാധ്യത വർദ്ധിച്ചിരിക്കുന്നു. ഏ. ജി., ചർച്ച് ഓഫ് ഗോഡ്, ഐ. പി. സി. സഭകളിലെല്ലാം തന്നെ ജനാധിപത്യത്തെ പണാധിപത്യം കീഴടക്കുകയാണ്.

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്

### മാത്യു കെ. ഫിലിപ്പ് സെക്രട്ടറി, കെ. കോരുത് ട്രഷറാർ


മാത്യു കെ. ഫിലിപ്പ്


തോമസ് എം. പുളിവേലിൽ


കെ. കോരുത്

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് സെക്രട്ടറിയായി പാസ്റ്റർ മാത്യു കെ. ഫിലിപ്പും പാസ്റ്റർ തോമസ് എം. പുളിവേലിയും ട്രഷററായി പാസ്റ്റർ കെ. കോരുതും തെരഞ്ഞെടുക്കപ്പെട്ടു. 15 അംഗ കൗൺസിലിലാണ് തെരഞ്ഞെടുപ്പ് നടന്നത്. ജനുവരിയിൽ നടന്ന കൺവൻഷനിൽ പുതിയ ഓവർസിയറായി പാസ്റ്റർ പി. ജെ. ജെയിംസ് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ജനാധിപത്യ സംവിധാനം ചർച്ച് ഓഫ് ഗോഡിൽ ശക്തിപ്പെടുന്നതിന്റെ ഭാഗമായാണ് ഇതുവരെയും ഇല്ലാതിരുന്ന ട്രഷറർ തസ്തിക പുതുതായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഭരണത്തിൽ ഓവർസിയറോടൊപ്പം കൗൺസിലിനും കൂടുതൽ അധികാരം കൈവരികയാണ്.

സ്റ്റേറ്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ മാത്യു കെ. ഫിലിപ്പ് 2008 മുതൽ മലബാർ മേഖലാ ഡയറക്ടറായി പ്രവർത്തിച്ചുവരികയാണ്. തടിയൂർ കല്ലോത്ത് കുടുംബാംഗമായ ഇദ്ദേഹം തൃശൂർ മാറ്റാമ്പുറം ചർച്ച് ഓഫ് ഗോഡ് അംഗമാണ്. ചാണ്ടിഗഡ് ബഥേൽ ബൈബിൾ കോളേജിൽ പഠനം നടത്തി

☞ 03

## സാക്ഷി



ഐ. പി.സി. ജനറൽ കൗൺസിലിൽ നിന്നും ഒരു പ്രമുഖൻ കേരളാസ്റ്റേറ്റ് പ്രസിഡന്റാകാൻ ശ്രമിക്കുന്നു,

*ഇനി കുളമാക്കാൻ ഇവിടം കൂടെയല്ലേയുള്ളൂ.*

## ഐ. പി. സി. കർണ്ണാടക സ്റ്റേറ്റ് ജൂബിലി കൺവൻഷൻ സമാപിച്ചു




ഐ. പി. സി. സിൽവർ ജൂബിലി കൺവൻഷൻ പ്രസിഡന്റ് പാസ്റ്റർ സാം ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർ കെ. എസ്. ജോസഫ് (സ്റ്റേറ്റ് സെക്രട്ടറി), പാസ്റ്റർ റ്റി. ഡി. തോമസ് (സ്റ്റേറ്റ് വൈസ് പ്രസിഡന്റ്) എന്നിവർ സമീപം.

**ബാംഗ്ലൂർ:** ഐ. പി. സി. കർണ്ണാടക സ്റ്റേറ്റ് ജൂബിലി കൺവൻഷന് അനുഗ്രഹ സമാപ്തി. ഐ. പി.സി. കർണ്ണാടക ഹെഡ്ക്വാർട്ടേഴ്സ് ഗ്രൗണ്ടിൽ ജനുവരി 25 – 29 വരെ നടന്ന കൺവൻഷൻ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ സാം ജോർജ്ജ് ഉദ്ഘാടനം ചെയ്തു. വിവിധ യോഗങ്ങളിൽ പാസ്റ്റേഴ്സ് നൂറുദ്ദീൻ മുള്ള, സണ്ണി കുര്യൻ, ജേക്കബ് ജോർജ്ജ്, വത്സൻ ഏബ്രഹാം, കെ. സി. ജോൺ, റ്റി. ഡി. തോമസ്, കെ. എസ്. ജോസഫ്, സാം ജോർജ്ജ്, വിത്സൻ ജോസഫ്, കെ. എസ്. ശാമുവേൽ, സി. പി. ശാമുവേൽ, കെ. വി. ജോസ്, പോൾ വർക്കി, ഏബ്രഹാം മാത്യു, കെ. പി. ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു. രാജൻ ജോൺ, ഐസക്ക് വർഗ്ഗീസ്, ജോൺ മാത്യു, സി. ഒ. ജോൺ, എൻ. സി. ഫിലിപ്പ്, തുടങ്ങിയവർ വിവിധ യോഗങ്ങളിൽ അദ്ധ്യക്ഷരായിരുന്നു. ജൂബിലിയോടനുബന്ധിച്ച് നടന്ന സമൂഹ വിവാഹം പാസ്റ്റർ സാം ജോർജ്ജ്, പാസ്റ്റർ റ്റി. ഡി തോമസ് എന്നിവർ ആശീർവദിച്ചു. സംയുക്താരാധനയിൽ പാസ്റ്റർ വർഗ്ഗീസ് മാത്യു അദ്ധ്യക്ഷനായിരുന്നു. കർത്തൃമേശ ശുശ്രൂഷയ്ക്ക് പാസ്റ്റർ കെ. എസ്. ജോസഫ് നേതൃത്വം നൽകി. പാസ്റ്റേഴ്സ് റ്റി. ഡി. തോമസ്, വിത്സൻ ജോസഫ്, സാം ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ജോസ് മാത്യു, ഡേവിഡ് അഞ്ചേരി എന്നിവരുടെ നേതൃത്വത്തിലുള്ള കൺവൻഷൻ ക്വയർ ഗാനശുശ്രൂഷ നിർവ്വഹിച്ചു. ജൂബിലി സമ്മേളനത്തിൽ പാസ്റ്റർ സാം ജോർജ്ജ് അദ്ധ്യക്ഷനായിരുന്നു. ബ്രദർ പി. ഒ. ശാമുവേൽ സ്വാഗതം ആശംസിച്ചു. റവ. കെ. എസ്. ജോസഫ് റിപ്പോർട്ട് അവതരിപ്പിച്ചു. റവ. വത്സൻ ഏബ്രഹാം, റവ. കെ. സി. ജോൺ എന്നിവർ പ്രഭാഷണം നടത്തി. ബൈബിൾ സൊസൈറ്റി ജനറൽ സെക്രട്ടറി റവ. മാണി ചാക്കോ ഏ. ജി. കർണ്ണാടക സെക്രട്ടറി റവ. റ്റി. ജെ. ബെന്നി, ഡോ. ജോൺ താന്നിയ്ക്കൽ, പാസ്റ്റർ ഷിബു നെടുവേലി, പാസ്റ്റർ വർഗ്ഗീസ് മത്തായി, ഇ. എ. മോസസ്, ജേക്കബ് ജോർജ്ജ്, ഭക്ത വത്സലൻ തുടങ്ങിയവർ ആശംസ അറിയിച്ചു. 25 വർഷം കർണ്ണാടകയിൽ പ്രവർത്തിച്ച 7 സുവിശേഷകർക്കുള്ള പുരസ്കാരവും റവ. സാം ജോർജ്ജ് നൽകി.

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
ജെയ്സൺ ജോസഫ്
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
എഡിറ്റർ
സണ്ണി മുളമൂട്ടിൽ
അസ്സോസിയേറ്റ് എഡിറ്റർ
പാസ്റ്റർ ജോസ് മാത്യു
ബോർഡ് മെംമ്പേഴ്സ്
മോനി കൊടുന്തറ
പാസ്റ്റർ സണ്ണി വാകത്താനം
പബ്ലീഷർ
പീറ്റർ മാത്യു വല്ല്യത്ത്
ചീഫ് കറസ്പോണ്ടന്റ്
പാസ്റ്റർ തോമസ് തോന്നയ്ക്കൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 100 രൂപ
യു.എസ്.എ. & കാനഡ: $ 30
യു.കെ: £ 15
ഗൾഫ് രാജ്യങ്ങൾ: 1000 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
India
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105

U sa
P.O. Box:620 742
Atlanta
GA 30362, USA

Mob: 9447368795 (INDIA)

E- mail
beljourn@gmail.com
bjpathramonline@gmail.com

Website
www.beljourn.com
www.beljourn. Org

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ




# മലബാർ റീജിയൻ യാഥാർത്ഥ്യം എന്ത്?



എം.വി. ഫിലിപ്പ്
മാനേജിംഗ് എഡിറ്റർ

ഏ. ജി മലബാർ രൂപീകരണത്തോടെ ഉത്ഭവിച്ച മലബാർ റീജിയൻ എന്ന ആവശ്യം ഐ. പി. സിയിൽ ഗുരുതരമായ പ്രശ്നങ്ങൾക്ക് വഴിവെച്ചിരിക്കുന്നു. മലബാറിലെ പ്രവർത്തനങ്ങളുടെ വിജയത്തിന് ഏക പോംവഴി എന്ന നിലയിലാണ് ഒരു വിഭാഗം ഈ ആവശ്യവുമായി മുമ്പോട്ടു വന്നിരിക്കുന്നത്. അതിന് ഉദാഹരണമായി ഏ. ജി. മലബാറിന്റെ വളർച്ചയാണ് അവർ എടുത്തു കാട്ടുന്നത്. മറുവിഭാഗമാകട്ടെ കേരളാ സ്റ്റേറ്റിനെ വിഭജിക്കരുതെന്നും ഇപ്പോഴുള്ളതു പോലെ പ്രത്യേകമായ പദ്ധതികളുമായി മുമ്പോട്ടുപോകണമെന്നും വാദിക്കുന്നു. അതിന് അവർ ഐ. പി. സി. ഭരണഘടനയാണ് ആധാരമാക്കുന്നത്. ഭരണഘടന പ്രകാരം ഒരു സ്റ്റേറ്റിനുള്ളിൽ മറ്റൊരു റീജിയൻ അനുവദിക്കാൻ പാടില്ല. അതിന് പിൻതുണ നൽകുന്ന നിലയിലുള്ള നിയമോപദേശം ഒരു പ്രമുഖ നിയമജ്ഞനിൽ നിന്നും ലഭിക്കുകകൂടെ ചെയ്തിട്ടുണ്ട്. കേരളാ സ്റ്റേറ്റിനെ വിഭജിക്കുവാനുള്ള ജനറൽ കൗൺസിലിന്റെ താല്പര്യത്തിനു പിന്നിൽ കേരളാസ്റ്റേറ്റ് ചുമതലക്കാരോടുള്ള വിദ്വേഷവും അസൂയയും പക പോക്കലുമാണെന്നാണ് കേരളാ സ്റ്റേറ്റ് എക്സിക്യൂട്ടീവ്സ് പറയുന്നത്. ഇതിനിടയിൽ തെക്കൻ തിരുവിതാംകൂറിലെ ഐ. പി. സി. പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ തെക്കൻ തിരുവിതാംകൂർ റീജിയൻ വേണമെന്ന ആവശ്യവുമായി ആ മേഖലയിലുള്ളവർ മുമ്പോട്ടു വന്നുകഴിഞ്ഞു. ഇനി ഹൈറേഞ്ചുകാരും തീരദേശക്കാരും കൂടിയെത്തിയാൽസംഗതികുശാലാകും.

ഈ വിഭജനം ഗുണകരമായ മാറ്റത്തിന് വഴിവെയ്ക്കുമോ എന്ന് ചർച്ചകളിലൂടെയും പഠനങ്ങളിലൂടെയുമാണ് മനസ്സിലാക്കേണ്ടത്. ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ നടന്ന വിഭജനം പോലെ ഒന്നാണ് നടക്കുന്നതെങ്കിൽ അതിൽ എന്ത് ആത്മീയതയാണുള്ളത്. പരസ്പരം പോർവിളിച്ചും മത്സരിച്ചും നേടിയെടുക്കുന്ന കസേരകൊണ്ട് എന്തു ഗുണമാണുണ്ടാകുക. മലബാറിലെ വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്നത് റീജിയൻ രൂപീകരിക്കാത്തതു മാത്രമാണോ? ദീർഘവർഷങ്ങൾ പ്രവർത്തിച്ചിട്ടും വേണ്ടനിലയിൽ പ്രവർത്തനം വിശാലമാകാതെയിരുന്നതിന് കാരണം ഇതുമാത്രമാണോ? വിദേശത്തുനിന്നും സ്വരൂപിച്ച പണം മലബാറിലെ നേതാക്കന്മാർ നിക്ഷേപിച്ചത് സ്വന്തം സമ്പാദ്യം വർദ്ധിപ്പിക്കാനാണോ അതോ സഭാവളർച്ചയ്ക്കുവേണ്ടിയാണോ? റീജിയൻ എന്ന ആവശ്യവുമായി മുമ്പിൽ നിൽക്കുന്നവർ തങ്ങൾ നേടിയതിന്റെ കണക്കുകൾ ശുദ്ധമനസ്സാക്ഷിയോടെ പ്രസിദ്ധീകരിക്കുവാൻ തയ്യാറാകുമോ? അതോ ശർക്കര കുടമായി മലബാറിനെ കണ്ട് അതു കൂടി കൈയിട്ടുവാരുവാനുള്ള ആക്രാന്തമാണോ റീജിയൻ എന്ന ആവശ്യത്തിന് ഹേതു?

ഈ മത്സരം ഗുണത്തിനല്ല. കൂടുതൽ വ്യക്തി വിദ്വേഷവും അകൽച്ചയും വർദ്ധിക്കുവാൻ മാത്രമേ ഉതകു. കുട്ടിക്കുരങ്ങനെക്കൊണ്ട് ചൂടുചോർ വാരിക്കുന്ന പണി ചെയ്യുന്നവർ ഒരു മടങ്ങിവരവിനായി ദൈവ സന്നിധിയിൽ ഏൽപ്പിക്കട്ടെ.

റീജിയൻ വരട്ടെ. അതു നല്ലതു തന്നെ. എന്നാൽ ആന്തരീക ഉദ്ദേശം നന്നായിരിക്കണം എന്നു മാത്രം. മലബാർ റീജിയൻ സ്ഥാപിക്കുന്നതിനെ അല്ല മറിച്ച് അതിന്റെ പേരിൽ നടക്കുന്ന അന്തർ നാടകങ്ങളെയും രാഷ്ട്രീയ കളികളെയുമാണ് ജേണൽ എതിർക്കുന്നത്. പാവപ്പെട്ട സുവിശേഷകരുടെയും വിശ്വാസികളുടെയും പേരിൽ കൈവിരലിൽ എണ്ണാവുന്നവർ നടത്തുന്ന കൊള്ള അവസാനിക്കണം എന്നു മാത്രം. ഇന്ന് ആത്മീയതയുടെ മറവിൽ നടക്കുന്ന പ്രഹസനങ്ങളിലൊന്നും ദൈവത്തിന് പ്രസാദമില്ല. രാഷ്ട്രീയ കളികൾ നടത്തുന്ന പാസ്റ്റർ ലേബലുകാർ സ്വർഗ്ഗരാജ്യത്തിന് അവകാശികളാകുകയുമില്ല. പാവം വിശ്വാസികളെയും ശുശ്രൂഷകരെയും നിങ്ങളുടെ താല്പര്യ സംരക്ഷണത്തിനായി ഉപയോഗിക്കാതെ അവരെ വെറുതെ വിടുക എന്നൊരപേക്ഷ മാത്രം. മലബാറും തിരുവിതാംകൂറും ഹൈറേഞ്ചും തീരദേശവും എല്ലാം റീജിയൻ ആകട്ടെ. ഇവിടെല്ലാം പ്രസിഡന്റും സെക്രട്ടറിയും പ്രസ്ബിറ്ററിയും കൗൺസിലുമൊക്കെ ഉണ്ടാകട്ടെ. നേതാക്കന്മാർക്ക് ഇരിക്കാൻ അവർ സിംഹാസനങ്ങളൊരുക്കട്ടെ. എന്നാൽ മുമ്പിൽ ന്യായവിധിയുണ്ടെന്നുള്ള ബോധ്യം ഉള്ളിൽ വന്നാൽ നന്നായിരുന്നു. ലോകക്കാരെക്കാൾ മോശമായ നിലയിൽ രാഷ്ട്രീയം കളിക്കുന്നവർ പങ്കിടുന്ന സുവിശേഷത്തിന് എന്ത് വിലയാണ് ലോകം നൽകുന്നത്.

ലേഖനം

# വിപ്ലവകാരിയായ ക്രിസ്തു



ആഷേർ. കെ. മാത്യു
9847137751

യേശു ക്രിസ്തു ആരുടേതാണ് എന്നതിനെക്കുറിച്ചുള്ള ഒരു തർക്കം ഉടലെടുത്തിരിക്കുന്നു. കേരളത്തിലുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ 'മാർക്സാണ് ശരി', എന്ന ചരിത്ര പ്രദർശനത്തിൽ ക്രിസ്തുവിന്റെ ചിത്രം പ്രദർശിപ്പിച്ചിരിക്കുന്നതാണ് പുതിയ വിവാദങ്ങൾക്കു കാരണം. എന്തായാലും ഈ പ്രദർശനം ചില മത– രാഷ്ട്രീയ സങ്കുചിത ശക്തികളെ ശുണ്ഠിപിടിപ്പിച്ചിരിക്കുന്നു. ചിത്രം പ്രദർശിപ്പിച്ചതിനെ പിണറായി വിജയൻ ന്യായീകരിക്കുമ്പോൾ, സീറോ മലബാർ സഭയുടെ വക്താവ് ഫാദർ പോൾ തേലക്കാട്ട് മുതൽ കെ. പി.സി. സി.പ്രസിഡന്റ് രമേശ് ചെന്നിത്തലയും, മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും വരെയുള്ളവർ, ക്രിസ്തുവിന്റെ ചിത്രം പ്രദർശന നഗരിയിൽ നിന്ന് മാറ്റണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചിരിക്കുന്നത്? ചരിത്രത്തിലെ ഏറ്റവും വലിയ വിമോചന പോരാളിയാണ് യേശുക്രിസ്തുവെന്നും, ആ ക്രിസ്തുവിനെ കമ്മ്യൂണിസ്റ്റുകാർ ആദരിക്കുന്നു എന്നുമാണ് പിണറായി വിജയൻ പറയുന്നത്. കള്ളന്മാരുടെ ഗുഹയായി മാറിയ ആരാധാലയത്തിൽ നിന്നും പലിശക്കാരെയും, കള്ളവാണിഭക്കാരെയും പുറത്താക്കിയ ക്രിസ്തുവിനെ വിമോചന പോരാളിയായി കമ്മ്യൂണിസ്റ്റുകൾ കാണുന്നു. ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്ന കാലത്തു മാത്രമേ ധനവാൻ സ്വർഗ്ഗരാജ്യത്തെത്താൻ കഴിയൂ എന്ന ക്രിസ്തു വചനത്തിൽ ധ്വനിക്കുന്നത് അടിച്ചമർത്തപ്പെട്ടവന്റെയും ചൂഷണം ചെയ്യപ്പെട്ടവന്റെയും വിമോചനത്തിന്റെ ശബ്ദമാണ് എന്നും കമ്മ്യൂണിസ്റ്റുകാർ പറയുന്നു.

എന്നാൽ യേശുക്രിസ്തുവിനെ വിമോചന പോരാളിയായി ചിത്രീകരിക്കുന്നതിലൂടെ 'മതവികാരം വ്രണപ്പെടുന്നു' എന്നാണ് കോൺഗ്രസ്സും ചില സഭകളും അവകാശപ്പെടുന്നത്. തങ്ങൾ ക്രിസ്തുവിനെ ആദരിക്കുന്നു എന്നു കമ്മ്യൂണിസ്റ്റുകാർ അവകാശപ്പെടുമ്പോൾ, അങ്ങനെയല്ല ക്രിസ്തുവിനെ നിന്ദിക്കുകയാണ് ചെയ്യുന്നതെന്ന് മറ്റൊരു വിഭാഗം അവകാശപ്പെടുന്നു.

ഈ ഒരു സാഹചര്യത്തിൽ ഒരു യഥാർത്ഥ ക്രിസ്തു വിശ്വാസി എന്ത് നിലപാടാണ് സ്വീകരിക്കേണ്ടത്? ഓരോരുത്തരുടെയും അഭിപ്രായം വ്യത്യസ്തമാകാം. അത് തികച്ചും സ്വഭാവികം. എന്നാൽ ക്രിസ്തുവിനെ ഒരു കൂട്ടം ആദരിക്കുന്നു എന്ന് പറയുമ്പോൾ അത് രാഷ്ട്രീയത്തിന് അതീതമായ തലത്തിൽ നിന്ന് ചിന്തിക്കേണ്ട ഒരു വസ്തുതയാണ്.

ചരിത്രത്തിലെ മഹാപുരുഷന്മാരുടെയും, യുഗപുരുഷന്മാരുടെയും കൂട്ടത്തിലാണ് യേശുക്രിസ്തുവിനെയും ഉൾപ്പെടുത്തിയിരിക്കുന്നത്. ഗാന്ധിജിയും ഈ നിരയിൽ ഉൾപ്പെടുന്നു. ക്രിസ്തു ഒരു സങ്കല്പമല്ല, യാഥാർത്ഥ്യമാണ് എന്ന് ഈ ചിത്രം സാക്ഷ്യപ്പെടുത്തുന്നു. ക്രിസ്തുവിന്റെ ദൈവത്വം തുടങ്ങിയ ആത്മീയ ചിന്തകൾക്കുള്ളിൽ നിന്നല്ല കമ്മ്യൂണിസ്റ്റുകാർ സംസാരിക്കുന്നതെങ്കിലും, ക്രിസ്തു എന്ന ചരിത്ര പുരുഷനെയും, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും ഇപ്പോൾ കമ്മ്യൂണിസ്റ്റുകാർ അംഗീകരിക്കുന്നു എന്നത്, ഏതൊരു ക്രിസ്തു വിശ്വാസിക്കും അഭിമാനവും, സന്തോഷവും പകരുന്നതല്ലേ? എന്നാൽ ക്രിസ്തു തങ്ങളുടെ സ്വകാര്യ സ്വത്താണ് എന്ന ഭാവത്തിൽ ചില മതമേലധ്യക്ഷന്മാരും, രാഷ്ട്രീയക്കാരും രംഗത്തു വരുന്നത് തികച്ചും രാഷ്ട്രീയ അസഹിഷ്ണതയാണ്.

ക്രിസ്തുവിന് ഈ ലഭിച്ചിരിക്കുന്ന അംഗീകാരം അനേകം മനസ്സുകളെ സ്വാധീനിക്കും എന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. സുവിശേഷത്തിന്റെ പ്രചരണത്തിന് ഈ സംഭവം തീർച്ചയായും മുതൽക്കൂട്ടായിത്തീരും എന്ന് നമ്മുക്ക് പ്രത്യാശിക്കാം. എന്നാൽ ഈ വിഷയത്തെപ്പറ്റി വേദപുസ്തകം എന്തു പറയുന്നു എന്ന് ചിന്തിക്കുന്നത് വളരെ ഗുണകരമായിരിക്കും.

### വേദപുസ്തകത്തിലെ വിപ്ലവകാരിയായ ക്രിസ്തു

വർഷങ്ങൾക്കു മുമ്പ് തിരുവെട്ടാർ കൃഷ്ണൻകുട്ടി എഴുതിയ 'യേശുക്രിസ്തു സമ്പൂർണ്ണ വിപ്ലവകാരി' എന്ന പുസ്തകത്തിൽ ഈ വിഷയത്തെപ്പറ്റി അദ്ദേഹം ആധികാരികമായി പ്രതിപാദിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ "സമ്പൂർണ്ണ വിപ്ലവാത്മകമായ ഒരു നവ ലോക വ്യവസ്ഥിതിക്ക് ആഹ്വാനകാഹളമൂതിയ അനശ്വരതയുടെ തിളക്കമാർനന ഏകൈക സമ്പൂർണ്ണ വിപ്ലകാരിയാണ് ശ്രീയേശു ക്രിസ്തു", എന്നാണ്.

പഴയ ആചാരങ്ങളെയും, സമ്പ്രദായങ്ങളെയും, അഴിമതിയും ചൂഷണവും വർഗ്ഗ – വർണ്ണ വ്യത്യാസങ്ങളും കൊണ്ട് സ്വാർത്ഥ താല്പര്യങ്ങൾ നേടിയിരുന്ന മതങ്ങളെയും, ചോദ്യം ചെയ്തുകൊണ്ടും വെല്ലുവിളിച്ചും കൊണ്ടുമാണ് ക്രിസ്തു തന്റെ വിപ്ലവകരമായ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

### 1) ജാതീയതക്കെതിരായ പ്രവർത്തനങ്ങൾ

ക്രിസ്തുവിന്റെ കാലത്തെ യഹൂദന്മാർ, ജാതീയതക്ക് അമിത പ്രാധാന്യം നല്കിയിരുന്നു. അവർ മറ്റുള്ളവരുമായി സമ്പർക്കം പുലർത്തിയിരുന്നില്ല. (യോഹ 4:9) യെഹൂദന്മാർ ഭ്രഷ്ട് കല്പിച്ചിരുന്ന ജാതിയായിരുന്നു, ശമര്യർ. എന്നാൽ ഒരു ശമര്യ സ്ത്രീയോട് വെള്ളം ചോദിച്ചുകൊണ്ട് ക്രിസ്തു യെഹൂദന്റെ വിവേചനത്തിനെതിരെ ആഞ്ഞടിച്ചു. യെഹൂദന്മാർ ചുങ്കക്കാരെ നികൃഷ്ടരായി എണ്ണി. സമൂഹം ത്യജിച്ചിരുന്ന ചുങ്കക്കാരോട് യേശു സഹകരിച്ചു. മാത്രമല്ല ചുങ്കക്കാരനായിരുന്ന സഖായിയുടെ ആതിഥ്യം സ്വീകരിക്കുകയും, ചുങ്കക്കാരനായ മത്തായിയെ ശിഷ്യ

05

യുവജന പംക്തി



ബിനു ജോസഫ് വടശ്ശേരിക്കര
9495834994

# സാമൂഹികചേർച്ച

## വിവാഹത്തിനു മുമ്പ്

– തുടർച്ച–

സാമൂഹികചേർച്ച (Social Compatibility)

"തല മറന്ന് എണ്ണ തേക്ക രുത്" എന്ന പഴമക്കാർ പറയാറുണ്ട്. ആഗോളവത്ക്കരണം (Globalization) എന്ന ചിന്തയും ആധുനിക ഇന്റർനെറ്റ് മാദ്ധ്യമങ്ങളും ലോകത്തെ മുഴുവൻ ഒരു കുടകീഴിൽ നിർത്തികഴിഞ്ഞിരിക്കുന്നു. അതിന്റെ കാറ്റുകൾ വിവാഹജീവിതത്തിലേക്കും ആഞ്ഞടിച്ചിട്ടുണ്ട്.

അന്യസംസ്കാര/ സംസ്ഥാന വിവാഹം (Interculture/ Interstates marriages)

ഈ കഴിഞ്ഞ ദിവസം പങ്കെടുത്ത ഒരു കോൺഫറൻസിൽ വെച്ച് ഒരു വ്യക്തിയെ ഞാൻ പരിചയപ്പെട്ടു. മലയാളിയായ അദ്ദേഹം ബർമ്മക്കാരി പെൺകുട്ടിയെ ആണ് വിവാഹം കഴിച്ചത്. മൂന്ന് മക്കൾ ഉണ്ട്, ഒരാൾ മണിപ്പൂരിൽ നിന്നും, മറ്റൊരാൾ അമേരിക്കയിൽ നിന്നും, മൂന്നാമൻ ശ്രീലങ്കയിൽ നിന്നുമാണ് വിവാഹം കഴിച്ചത്. കേട്ടപ്പോൾ ഒരു രസം തോന്നി. ഇവർ എല്ലാവരും കൂടെ കൂടിവരുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ പലതാണ്. ഒരാൾക്ക് ഇഷ്ടപ്പെടുന്ന ആഹാരം മറ്റൊരാൾക്ക് ഇഷ്ടപ്പെട്ടില്ല. ഭാഷയിലെയും സംസ്ക്കാരത്തിലെയും പ്രശ്നങ്ങളും ബാധിക്കാം. എന്നാൽ അമ്മായിയമ്മപോര്, നാത്തൂൻ ഭരണം, ഏഷണി തുടങ്ങിയവ വളരെ കുറവായിരിക്കും എന്ന് ഞാൻ ആശ്വസിച്ചു.

ഇപ്പോഴത്തെ ട്രന്റ്

ചില വർഷങ്ങൾക്കു മുമ്പ് അന്യ സംസ്ഥാനത്തിൽ നിന്ന് വിവാഹം കഴിച്ചാൽ എന്തെല്ലാം പ്രശ്നങ്ങൾ ആയിരുന്നു. ഇന്ന് ഒരു പക്ഷേ അത് അല്പം കുറഞ്ഞു. പഠിക്കാൻ പോയപ്പോൾ പരിചയപ്പെട്ട റാവുത്തറെയും, ഗൗഡയെയും, നായിക്കിനെയും ഒക്കെ വിവാഹം കഴിച്ച് കുടിയേറിപോയ പെൺകുട്ടികളും ഔദ്യോഗിക ജീവിതത്തിൽ കണ്ട് ഇഷ്ടപ്പെട്ട മണിപ്പൂരിയെയും, നാഗാലന്റുക്കാരിയെയും വിവാഹം കഴിച്ച് ഇപ്പോൾ അവിടെ തന്നെ താമസിക്കുന്ന മലയാളികളും ഒട്ടനവധിയാണ്. എന്നാൽ ഇപ്പോൾ പലരും വിദേശരാജ്യങ്ങളിൽ ഉള്ള വരുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്നത് പൊതുവേയുള്ള ട്രന്റായി മാറികഴിഞ്ഞു.

കാരണങ്ങൾ പലതാണ്

- സ്വന്തം അപകർഷതയിൽ നിന്നു രക്ഷപ്പെടുവാനുള്ള ഉപാധി
- പെട്ടെന്ന് ധനാഢ്യരാകാനുള്ള എളുപ്പവഴി
- വിദേശികളോട് പൊതുവേ തോന്നുന്ന ആദരവ്
- സമൂഹത്തിൽ അംഗീകരിക്കപ്പെടുവാൻ
- മന:ശാസ്ത്രപരമായ

പ്രശ്നങ്ങളുടെ അനന്തരഫലം ഇങ്ങനെ നീളുന്നു പട്ടിക

മലയാളിക്ക് – മലയാളി തന്നെ നന്ന്

സ്വന്തം സംസ്ക്കാരം ഉൾക്കൊള്ളുന്നവരാണ് വിവാഹജീവിതത്തിൽ ഏറ്റവും അനുയോജ്യം. ഒറ്റവാക്കിൽ മലയാളിക്ക് – മലയാളി തന്നെ അഭികാമ്യം. വിഭിന്ന സംസ്ക്കാര വിവാഹങ്ങളിൽ പല തരം പ്രശ്നങ്ങൾക്ക് സാധ്യത ഉള്ളതിനാൽ ഞാൻ അത് പൂർണ്ണമായി അംഗീകരിക്കുന്നില്ല. പ്രത്യേകിച്ച് വീട്ടിൽ ഇംഗ്ലീഷ് എന്ന ഭാഷ എല്ലാവർക്കും വശമില്ലെങ്കിൽ പിന്നെ ഒരു വിദേശിയെ വിവാഹം കഴിച്ച് വീട്ടിൽ കൊണ്ടുവന്നാൽ, അപ്പനും അമ്മയ്ക്കും ആംഗ്യഭാഷ ഉപയോഗിച്ച് ഊമരായി പോയേക്കാം. (സംസ്ക്കാരങ്ങളിലെ വിഭിന്നത മൂലം മറ്റനവധി സംഘർഷങ്ങൾ രൂപപ്പെടാം. ഇല്ലായെങ്കിൽ വിദേശരാജ്യത്ത് തന്നെ ശിഷ്ടായുസ് കഴിച്ചുകൂട്ടാൻ തീരുമാനിക്കണം.)

വിവാഹജീവിതത്തിൽ പൊതുവായ ഒരു **സംസ്ക്കാരം, ഭാഷ, സാമൂഹികനിലവാരം, ആത്മീക പശ്ചാത്തലം, മാനസികനില** എന്നിവ അനിവാര്യമാണ്. മറ്റൊരർത്ഥത്തിൽ സ്വർഗ്ഗത്തിലെ കറുത്തപൊട്ടായി നിങ്ങളുടെ പങ്കാളി സമൂഹത്തിൽ തീരരുത്. ആൾകൂട്ടത്തിലെ കാഴ്ചവസ്തുവായി പങ്കാളി തീർന്നാൽ നിങ്ങൾക്കും അതിന്റേതായ മാനസിക പ്രശ്നങ്ങൾ ഉണ്ടാകാം.

നിങ്ങളുടെ വിവാഹത്തിന് സമൂഹവും ഒരു വില നൽകുന്നു എന്ന ബോദ്ധ്യം ഉണ്ടാകണം. അതുകൊണ്ട് തന്നെ സമൂഹം അംഗീകരിക്കുന്ന ഒരു വിവാഹത്തിനു മാത്രമേ നിങ്ങൾ മുതിരാവൂ...

**(തുടരും....)**

## 01 ഐ. പി. സി. മലബാർ റീജിയൻ......

ഡന്റ് സ്റ്റേറ്റ് കൺവൻഷൻ നിരോധിച്ചുകൊണ്ട് റൂൾ ചെയ്തു. മാത്രമല്ല മലബാർ മേഖല കൺവൻ ഇനി മുതൽ ആറുമാസം മുമ്പ് മാത്രമേ നടത്താവൂ എന്നുമാണ് ജനറൽ കൗൺസിലിൽ പ്രസിഡന്റ് നൽകിയ റൂളിംഗ്. ഐ. പി. സിയിലെ കൊട്ടാരക്കര മേഖല കോട്ടയം, വാളകം, തുടങ്ങി 24 സെന്റർ കൺവൻഷനുകൾ തീരുന്നത് കുമ്പനാട് കൺവൻഷൻ തുടങ്ങുന്ന അന്നാണ്. അയ്യായിരത്തോളം ആളുകൾ കൂടുന്ന കുമ്പനാട് സെന്റർ കൺവൻഷൻ ഡിസംബറിലാണ് നടക്കുന്നത്. ഇതൊന്നും തന്നെ കുമ്പനാട് കൺവൻഷനെ ബാധിക്കാതെയിരിക്കുമ്പോൾ ഇപ്പോൾ എടുത്ത തീരുമാനം ദുരുദ്ദേശപരമാണ് എന്നതിന് സംശയമില്ല. എന്നാൽ കേരളത്തിൽ ജൂൺ മാസത്തിൽ കൺവൻഷൻ നടത്തിയാൽ മതിയെന്ന് തീരുമാനിച്ച ജനറൽ കൗൺസിലിന്റെ ഉദ്ദേശ ശുദ്ധി ആർക്കും തിരിച്ചറിയുവാൻ കഴിയും. മലബാറിൽ നടക്കുന്ന കൺവൻഷൻ യാതൊരു നിലയിലും കുമ്പനാട് കൺവൻഷനെ ബാധിക്കില്ലെന്ന് തെളിഞ്ഞു കഴിഞ്ഞതാണ്. ഒരിക്കൽ പോലും കുമ്പനാട് കൺവൻഷന് വരുവാൻ കഴിഞ്ഞിട്ടില്ലാത്ത ധാരാളം വിശ്വാസികൾ മലബാറിൽ ഉള്ളപ്പോൾ ഇത്തരം വൈരാഗ്യ ബുദ്ധിയോടെയുള്ള തീരുമാനം സഭയെ നന്നാക്കുവാനല്ല എടുത്തത് എന്ന് സ്പഷ്ടം.

ഇതിനുപുറമെയാണ് മലബാർ റീജിയൻ രൂപികരിക്കണമെന്ന വാദവുമായി ഒരു കൂട്ടർ രംഗത്തെത്തിയത്. ഇതിനു പിന്നിൽ വ്യക്തമായ അജണ്ടയും പിൻതുണയും ഒരു കേന്ദ്രത്തിൽ നിന്നും ഉണ്ടായി. സഭയുടെ ഔദ്യോഗിക വിഭാഗമായ മലബാർ മിഷൻ ബോർഡ് റീജിയൻ ആവശ്യമില്ലായെന്ന് കത്തു കൊടുത്തെങ്കിലും അത് ജനറൽ കൗൺസിലിൽ വായിക്കാതെ അനൗദ്യോഗിക ബോഡിയായ മലബാർ മേഖലയുടെ കത്ത് വായിക്കുകയും മലബാർ റീജിയനുവേണ്ടി വാദിക്കുന്നവരെ തന്നെ കമ്മീഷനായി നിയമിക്കുകയും ആയിരുന്നു. ഒരു കമ്മീഷൻ അംഗത്തെ മലബാർ റീജിയൻ പ്രസിഡന്റാക്കുവാൻ കോട്ടയം ലോബി കരുക്കൾ നീക്കിയെന്ന ആരോപണവും ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്. ഇപ്പോഴുള്ള മലബാർ മേഖലാ പ്രസിഡന്റിനെ റീജിയൻ സ്ഥാനത്ത് എത്തിക്കാതെ കമ്മീഷൻ അംഗത്തെ ആ സ്ഥാനത്തേയ്ക്ക് കൊണ്ടുവരുവാൻ ശ്രമിക്കുമ്പോൾ പിൻതുണ നൽകുന്ന മലബാർ മേഖലയിലെ ഔദ്യോഗിക സ്ഥാനി അളിയനളിയൻ ബന്ധം ഉപയോഗിച്ച് മലബാർ പിടിച്ചടക്കുവാനാണ് ശ്രമം നടത്തുന്നത് എന്നാണാരോപണം ഉയർന്നിരിക്കുന്നത്. മലബാറിലെ പ്രധാന സെന്ററുകളെല്ലാം റീജിയൻ എന്ന ആശയത്തെ എതിർക്കുകയാണ്. ഇതിനിടയിൽ ഷിബു നെടുവേലിൽ, പാ. എം. പി. ജോർജ്ജുകുട്ടി, സണ്ണി മുളമൂട്ടിൽ, കുര്യൻ ജോസഫ്, ജോയി താനവേലിൽ എന്നിവർ ജസ്റ്റീസ് കെ. റ്റി. തോമസുമായി നടത്തിയ മീറ്റിംഗിൽ ഐ. പി. സി. ഭരണഘടന അനുസരിച്ച് ഒരു റീജിയൻ കേരളാ സ്റ്റേറ്റിൽ സ്ഥാപിക്കുവാൻ സാധ്യതമല്ലായെന്ന നിയമോപദേശം നൽകിയതായി അറിയുന്നു. സി. എസ്. ഐ., അസംബ്ലീസ് ഓഫ് ഗോഡ് എന്നീ സഭകളുടെ വളർച്ച ഉദാഹരിച്ചുകൊണ്ടാണ് റീജിയൻ എന്ന ആവശ്യം ചിലർ മുമ്പോട്ടുവെച്ചിരിക്കുന്നത്. ആരംഭത്തിൽ വി.റ്റി. ഏബ്രഹാം എന്ന ഒരു നേതാവു മാത്രമേ അവർക്കുണ്ടായിരുന്നുള്ളൂ. നേതാക്കന്മാർ ഏ. ജിയിലും എഴുന്നേറ്റിരിക്കുന്നു. തെക്കും വടക്കും മലബാർ എന്ന ആശയവും അവിടെ ഉടലെടുത്തു കഴിഞ്ഞു. മധുവിധുകാലം കഴിഞ്ഞു എന്നർത്ഥം. ഒന്നും രണ്ടും പതിറ്റാണ്ടുകൾ സെന്ററുകളുടെ ചുമതല വഹിച്ചിട്ടും സഭകൾക്ക് സ്ഥലമോ ഹാളുകളോ ഉണ്ടാക്കുവാൻ കഴിയാത്തവർ എങ്ങനെ റീജിയനെ ഭരിക്കും. മാത്രമല്ല സഭകൾക്ക് വളർച്ച ഉണ്ടായില്ലായെങ്കിലും കോടികളുടെ സ്വത്തു സമ്പാദിക്കുവാൻ ഇവരിൽ ചിലർക്കെങ്കിലും കഴിഞ്ഞിട്ടുണ്ട്. മലബാർ റീജിയനെ സാമ്പത്തികമായി പിൻതുണയ്ക്കുവാൻ ചിലർ സന്നദ്ധരായിട്ടുണ്ട് എന്ന ഇവരുടെ കത്തിലെ പരാമർശം തന്നെ ലക്ഷ്യം വ്യക്തമാക്കുന്നു. റീജിയൻ രൂപീകരിക്കുവാൻ മുമ്പോട്ടുവന്നവർ ശുശ്രൂഷയ്ക്ക് ഇറങ്ങുന്ന കാലത്തും ഇപ്പോഴുമുള്ള സ്വത്ത് വിവരങ്ങൾ പ്രഖ്യാപിക്കുവാൻ ധൈര്യം കാട്ടുമോ? നേതാക്കന്മാർ അവരുടെ ശുശ്രൂഷാ കാലയളവിൽ വിദേശത്തും സ്വദേശത്തു നിന്നും ലഭിച്ച പണം കൊണ്ട് മലബാറിനായി എന്തുചെയ്തു എന്നും വ്യക്തമാക്കുവാൻ തയ്യാറാകണം. മലബാറിനെ വില്പനചരക്കാക്കി പണം സമ്പാദിക്കുന്നവർ പുതിയ മേച്ചിൽ പുറം കണ്ടെത്തുവാനാണ് മലബാർ മേഖലയുടെ രൂപികരണത്തിന് ആവേശം കൊള്ളുന്നത് എന്ന ആരോപണത്തിന് മറുപടി പറയുവാനും തയ്യാറാകണം.

ജനറൽ കൗൺസിൽ നിയമിച്ച കമ്മീഷൻ അംഗങ്ങൾ മലബാർ റീജിയൻ എന്ന ആവശ്യത്തെ പിൻതുണയ്ക്കുന്നവരാണെന്നും കൗൺസിലിന്റെ താല്പര്യ സംരക്ഷണത്തിനായി മാത്രമാണ് ഈ കമ്മീഷന്റെ നിയമനം എന്നുമാണ് കേരളാ സ്റ്റേറ്റ് ഭാരവാഹികൾ ആരോപിക്കുന്നത്. കമ്മീഷൻ സിറ്റിംഗ് നടത്തുന്നതിന് സ്റ്റേറ്റിന്റെ അംഗീകാരം വാങ്ങാതെ ശുശ്രൂഷകരെ വിളിച്ചു വരുത്തുവാൻ ശ്രമിച്ചത് പ്രശ്നം ഇപ്പോൾ രൂക്ഷമാക്കിയിരിക്കുന്നു. ആഭരണധാരണം, വിവാഹമോചനം, ഉപദേശ വിഷയങ്ങളിലെ നിലപാടുകൾ എന്നീവിഷയങ്ങളിൽ കേരളാ സ്റ്റേറ്റ് ഭരണ സമിതിയുടെ നിലപാടിനെ എതിർക്കുന്നവരാണ് കേരളാ സ്റ്റേറ്റ് വിഭജനത്തിനായി ശ്രമിക്കുന്നത്. ബിസിനസ്സ് ലോബികളും അധികാര മോഹികളും ചേർന്ന് ദുഷ്ട ലാക്കോടെ നടത്തുന്ന പൈശാചിക നീക്കമാണിതെന്നും പാസ്റ്റർ ഫിലിപ്പ് പി. തോമസ് ആരോപിക്കുന്നു. കേരളാ സ്റ്റേറ്റിനെ വിഭജിച്ച് ദുർബലപ്പെടുത്തുവാനുള്ള ബിസിനസ്സ് ലോബികളുടെ നീക്കത്തെ പരാജയപ്പെടുത്തുമെന്ന് ഐ. പി. സി. സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ പറയുന്നു. കേരളാ സ്റ്റേറ്റിനെ പല കഷണങ്ങളാക്കരുതെന്ന് പാസ്റ്റർ കെ. സി. ജോൺ ഒരു വാരികയോട് പറഞ്ഞു.

ആഭരണധാരണത്തെ അനുകൂലിച്ച് ഒരു നേതാവ് ഈ അടുത്ത് ഒരു വാരികയ്ക്ക് നൽകിയ അഭിമുഖത്തിൽ നിലപാടെടുത്തിരുന്നു. ഇക്കുറി കുമ്പനാട് കൺവൻഷനിൽ മാർ ക്രിസോസ്റ്റം തിരുമേനിയെ പ്രസംഗിപ്പിച്ചത് പരക്കെ പ്രതിഷേധം ഉയർത്തിയിരുന്നു. ഇനി ഇലക്ഷന്റെ നാളുകൾ. പൂരത്തിന് കൊടിയുമേറി. വരുവാനുള്ളത് വെട്ടിക്കെട്ടുകളുടെയും കുടമാറ്റത്തിന്റെയും നാളുകൾ. കാത്തിരിക്കാം.

## 01 ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്....

യ ഇദ്ദേഹം നാലു വർഷം നോർത്തിന്ത്യയിൽ സുവിശേഷകനായിരുന്നു. കഴിഞ്ഞ 19 വർഷമായി പാലക്കാട് പ്രവർത്തിക്കുന്നു. ഇവിടെ പതിനാലു സഭകൾ ഇദ്ദേഹം സ്ഥാപിച്ചു. പാലക്കാട് ഡിസ്ട്രിക്ട് പാസ്റ്റർ കൂടിയാണ്. ഭാര്യ: ജോയ്സി. മക്കൾ: ശാരോൻ, അലൻ.

ജോയിന്റ് സസെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ തോമസ് എം. പുളിവേലിൽ ദീർഘ വർഷങ്ങൾ സൗദി അറേബ്യയിൽ സുവിശേഷകനായിരുന്നു. സുവിശേഷം നിമിത്തം ധാരാളം പീഢകൾ ഏറ്റുവാങ്ങിയിട്ടുള്ള ഇദ്ദേഹം ജയിൽ വാസവും ഇതോടനുബന്ധിച്ച് അനുഭവിച്ചിട്ടുണ്ട്. വാര്യാപുരം സഭയുടെ ശുശ്രൂഷകനും പത്തനംതിട്ട ഡിസ്ട്രിക്ട് പാസ്റ്ററും ചർച്ച് ഓഫ് ഗോഡ് നാഷണൽ ഗവേണിംഗ് ബോഡി മെമ്പറുമാണ്. ഭാര്യ: ഡെയ്സി. മക്കൾ: ജോൺ, ശാമുവേൽ

ചർച്ച് ഓഫ് ഗോഡ് ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ കെ. കോരുത് പത്തനംതിട്ട മണ്ണാറകുളഞ്ഞി സ്വദേശിയും കോട്ടയം കഞ്ഞിക്കുഴി സഭാ ശുശ്രൂഷകനുമാണ്. ട്രേയ്ഡ് യൂണിയൻ രംഗത്ത് സജീവമായിരുന്നു. മുൻകാലത്ത് ഇദ്ദേഹം. ഭാര്യ: തങ്കമ്മ. മക്കൾ: ബ്ലെസ്സി, ബ്ലെസൻ, ബെൻസൻ.

## സെന്റർ കൺവൻഷൻ

**ആയൂർ:** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ ആയൂർ സെന്റർ 22-ാം മത് വാർഷിക കൺവൻഷൻ 2012 ഫെബ്രുവരി 15 മുതൽ 19 വരെ ഐ. പി. സി അമ്പലക്കര സീയോൻ ചർച്ചിന് സമീപം നടക്കും. ഐ.പി. സി ആയൂർ സെന്റർ മിനിസ്റ്റർ പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്യും.ഐ.പി.സി ജനറൽപ്രസിഡന്റ് പാസ്റ്റർ കെ.സി.ജോൺ മുഖ്യാതിഥി ആയിരിക്കും. പാസ്റ്റർമാരായ സാം ജോർജ്ജ് പത്തനാപുരം, എം.പി.ജോർജ് കുട്ടി, ബി.മോനച്ചൻ, വി.പി. ഫിലിപ്പ്, സാംകുട്ടി ജോൺ ചിറ്റാർ, സിസ്റ്റർ. സ്റ്റാർല ലൂക്ക് എന്നിവർ പ്രസംഗിക്കും. കൂടാതെ സോദരീസമാജ യോഗവും പി.വൈ.പി.എ സണ്ടേസ്കൂൾ സംയുക്ത വാർഷികവും ഞായറാഴ്ച സംയുക്ത ആരാധയും നടക്കും.സ്പിചൽ വേവ്സ് അടൂർ ഗാനങ്ങൾ ആലപിക്കും.

## ഉപവാസ പ്രാർത്ഥന

**തിരുവല്ല:** കറ്റോട് ഏബനേസർ ഐ. പി. സി വർഷിപ്പ് സെന്ററിന്റെ ആഭിമുഖ്യത്തിൽ 2012 ഫെബ്രുവരി 20 മുതൽ മാർച്ച് 11 വരെ ഉപവാസ പ്രാർത്ഥന നടക്കും. കൃപാവര പ്രാപ്തരായ ദൈവദാസന്മാർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. പാസ്റ്റർ റ്റി. ഒ. രാജു മണ്ണാടി ഇവിടെ ശുശ്രൂഷിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9446190211

# പെന്തെക്കോസ്തു പ്രാർത്ഥനാ യോഗത്തെക്കുറിച്ച് വന്ന പത്രവാർത്ത തെറ്റിദ്ധാരണാജനകം

## പാസ്റ്റർ ഫിലിപ്പ്. പി. തോമസ്

പെന്തെക്കോസ്തു കൂട്ട പ്രാർത്ഥനകൾ ഭവനങ്ങളിൽ നടക്കുന്നതിന് കളക്ടറുടെ അനുമതി വേണമെന്ന് തെറ്റിദ്ധരിപ്പിക്കുന്ന ഒരു വാർത്ത, വാർത്താമാധ്യമങ്ങൾ പ്രസിദ്ധീകരിക്കയുണ്ടായി. ആ വിധിയെക്കുറിച്ച് വിശ്വാസികൾ ആശങ്കപ്പെടേണ്ടകാര്യമില്ല. പ്രസ്തുത കോടതി വിധി പന്തളം സ്വദേശിയായ പരാതിക്കാരനു മാത്രം ബാധകമാണെന്ന് മനസിലാക്കുന്നു. മതേതര രാജ്യമായ ഭാരതത്തിൽ എല്ലാ വിഭാഗങ്ങൾക്കും ഭവനങ്ങളിൽ പ്രാർത്ഥന നടത്തുന്നതിന് അവകാശമുണ്ട്. പ്രാർത്ഥന നടത്തുന്നതിനല്ല മറിച്ച് ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനാണ് കളക്ടറുടെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമായിരിക്കുന്നത്. ശബ്ദ മലിനീകരണം സംബന്ധിച്ചുള്ള ഗവൺമെന്റ് നിയമങ്ങൾ ലംഘിക്കാതെയുള്ള പ്രാർത്ഥനായോഗങ്ങളെ കോടതി തടഞ്ഞിട്ടില്ല. വിധിയെക്കുറിച്ച് കൂടുതൽ പഠിച്ചശേഷം വിവിധ പെന്തെക്കോസ്തു സഭാ നേതൃത്വവുമായി ആലോചിച്ച് ആവശ്യമെങ്കിൽ നിയമ നടപടി സ്വീകരിക്കുന്നതാണെന്ന് ഐ. പി. സി. സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ്. പി. തോമസ് പറഞ്ഞു.

# വൈ. പി. ഇ. കോൺഫറൻസ്

**ലണ്ടൻ സൗത്താൾ:** ചർച്ച് ഓഫ് ഗോഡ് യു. കെ. അയർലന്റ് വൈ. പി. ഇ.യുടെ 4-ാമത് നാഷണൽ കോൺഫറൻസ് സൗത്താൾ ചർച്ച് ഓഫ് ഗോഡ് ഹാളിൽ ഫെബ്രുവരി 25-ാം തീയതി ശനിയാഴ്ച നടക്കും. രാവിലെ 9.30ന് ആരംഭിക്കുന്ന കോൺഫറൻസിൽ 'Disciplined Christian Life" എന്ന വിഷയത്തെ കേന്ദ്രീകരിച്ച് റവ. ജ്ഞാനദാസ് ദാനം (The New Convenant Ministries) സംസാരിക്കും, കൂടാതെ മറ്റ് പല പ്രോഗ്രാമുകളും ഉണ്ടായിരിക്കുന്നതാണ്. വൈ. പി. ഇ. നാഷണൽ ക്വയർ ആരാധനയ്ക്ക് നേതൃത്വം കൊടുക്കും

# ജസ്റ്റീസ് കെ. റ്റി. തോമസിന്റെ നിയമോപദേശം

സുപ്രീം കോടതിയുടെ മുൻ ന്യായാധിപൻ ജസ്റ്റീസ് കെ.റ്റി. തോമസിന്റെ രേഖാമൂലമുള്ള നിയമോപദേശം പി.സി.ഐ.യ്ക്ക് ലഭിച്ചു. ജനുവരി 27-ന് അദ്ദേഹത്തിന്റെ വസതിയിൽ എത്തിയ പ്രസിഡന്റ് തോമസ് വടക്കേക്കുറ്റിനും ജനറൽ സെക്രട്ടറി കെ.എൻ. റസ്സലിനും ഹൈക്കോടതി വിധിയെസംബന്ധിച്ച് അദ്ദേഹം വിശദീകരിച്ചുതന്നു. അതിന് ശേഷമാണ് 'ലീഗൽ ഒപ്പീനിയൻ' രേഖാമൂലം തന്നത്.

അദ്ദേഹം വിധിയെ ആസ്പദമാക്കി തയ്യാറാക്കിയ ഈ നിയമോപദേശത്തിൽ ഭവന പ്രാർത്ഥന നടത്താൻ കളക്ടറുടെ അനുമതിവേണമെന്ന നിർദ്ദേശമില്ലെന്നും സുവിശേഷ പ്രചാരണത്തിന് എതിരായി യാതൊരു പരാമർശവുമില്ലെന്നും പറയുന്നു.

കേസുകൊടുത്ത ബിനുവിന്റെ സഭയ്ക്കും അദ്ദേഹത്തിനും മാത്രമാണ് ഈ വിധി ബാധകമെന്നും ജസ്റ്റീസ് കെ.റ്റി. തോമസിന്റെ നിയമോപദേശത്തിൽ വ്യക്തമാക്കുന്നു.

വിധിയെ തെറ്റായി വ്യാഖ്യാനിച്ച് മധ്യമങ്ങൾ പ്രചരണം നടത്തിയ ഉടനെ പി.സി.ഐ യുടെ അടിയന്തര കമ്മിറ്റി ജനുവരി 25 ന് കൊച്ചിയിൽ ചേരുകയുണ്ടായി. കമ്മിറ്റിയിൽ റിവ്യൂഹർജി കൊടുക്കാൻ തീരുമാനവും എടുത്തു. അതിൻപ്രകാരം 26-ന് ഹൈക്കോടതിയിലെ പെന്തക്കോസ്തു സഭാംഗങ്ങളായ അഭിഭാഷകരെ പി.സി.ഐ. വിളിച്ചുകൂട്ടി. എന്നാൽ ഇവരുടെ വിധിവിശകലനത്തിൽ കേസ് കൊടുത്ത ആൾക്ക് മാത്രമാണ് വിധി ബാധകമെന്നും മറ്റു ഭവന പ്രാർത്ഥനകൾക്ക് കളക്ടറുടെ അനുമതി വേണമെന്ന് വിധിയിൽ ഇല്ലെന്നും വിലയിരുത്തപ്പെട്ടു. തുടർന്ന് പി.സി.ഐ റിവ്യൂ ഹർജി കൊടുക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയായിരുന്നു.

അഡ്വ.ജോൺ മാത്യു, അഡ്വ. ബേസിൽ അട്ടിപ്പേറ്റി, അഡ്വ. സനിൽ കുമാർ, ഡോ.സിനി മാത്യൂ, സാംസൺ, ജോൺ വർഗീസ്, പി.പി. സാജു എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ഇതിനിടെ വൈപ്പിൻ മാലിപ്പുറം സ്വദേശി ക്യാപ്റ്റൻ സേവ്യർ, അഡ്വ. ബേസിൽ അട്ടിപ്പേറ്റി വഴി റിവ്യൂ ഹർജി ഫയൽ ചെയ്തിട്ടുമുണ്ട്.

ചോദ്യോത്തര വേദി

# ക്രിസ്ത്യാനികൾക്ക് അപ്പൊക്രിഫാ ഗ്രന്ഥങ്ങളിൽ താല്പര്യം കൂടുന്നത് എന്തുകൊണ്ട്?



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** കാലഘട്ടത്തിന്റെ ആവശ്യമായി, എപ്പിസ്കോപ്പൽ സഭകളെല്ലാം കത്തോലിക്കാസഭയുമായി ഒന്നിക്കണമെന്ന് ആഗ്രഹിക്കുന്നു. ചില പെന്തെക്കോസ്ത് നേതാക്കളും അതാഗ്രഹിക്കുന്നു. എക്യുമെനിസത്തിന്റെ ഒന്നാം ഘട്ടമായി അപ്പൊക്രിഫ ഗ്രന്ഥങ്ങൾ പഠിക്കുന്നതാണ് ഇപ്പോഴത്തെ രീതി. എന്താണ് കാലഘട്ടത്തിന്റെ ആവശ്യം? എന്താണ് അപ്പൊക്രിഫാ ഗ്രന്ഥങ്ങൾ? **ജോൺ തോമസ്, വടക്കാഞ്ചേരി**

**ഉത്തരം:** ലോകത്തിലെ 650 കോടി ജനങ്ങളിൽ, 25 ശതമാനം കത്തോലിക്കരാണ്. അതായത് 160 കോടി ജനസംഖ്യയുള്ള കത്തോലിക്ക സഭ ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തി കൂടിയാണ്. മറ്റ് എപ്പിസ്കോപ്പൽ സഭകൾക്കൊന്നും ജനശക്തിയില്ല. മർത്തോമ സഭയ്ക്കും, സി. എസ്. ഐയ്ക്കും 5 ലക്ഷം വീതവും ഓർത്തഡോക്സ് സഭയ്ക്കും യാക്കോബായ സഭയ്ക്കും കൂടി 20 ലക്ഷവുമാണ് ജനസംഖ്യ. എന്നാൽ ഈ സഭകൾക്കെല്ലാം പണം ഉല്പാദിപ്പിക്കുന്ന സ്ഥാവരജംഗമ സ്വത്തുക്കൾ നല്ലതുപോലെയുണ്ട്. ക്രിസ്തീയ സഭകളുടെ സ്വത്തു നിയന്ത്രിക്കാനുള്ള രാഷ്ട്രീയ കക്ഷികളുടെ നീക്കങ്ങളും മറ്റു സമുദായങ്ങളുടെ സമീപഭാവിയിലുണ്ടാകുന്ന എതിർപ്പുകളും ഇപ്പോഴത്തെ നേതൃത്വം മുൻകൂട്ടി കാണുന്നുണ്ട്. വലിയ ശക്തിയായ കത്തോലിക്കാസഭയുമായി യോജിക്കുകയാണെങ്കിൽ വരാൻ പോകുന്ന പ്രതികൂലത്തെ അതിജീവിക്കാം എന്നവർ കരുതുന്നു. അതുകൊണ്ടാണ്, **ഇതുവരെ കത്തോലിക്കാ സമുദായം മാത്രം അംഗീകരിച്ചിട്ടുള്ള** അപ്പൊക്രിഫാ ഗ്രന്ഥങ്ങൾ പഠിച്ച് 'നല്ല കുട്ടി' ചമഞ്ഞ് ഒരുമിക്കാനുള്ള ചർച്ചകൾക്ക് ചൂടും സൗന്ദര്യവും പകരുന്നത്. ഏ. ഡി. 1653 ൽ മട്ടാഞ്ചേരിയിൽ വെച്ച് ഓർത്തഡോക്സ് പിതാക്കന്മാർ ചെയ്ത **'കൂനൻ കുരിശു' സത്യം** ഇപ്പോഴത്തെ പിതാക്കന്മാർ ഓർക്കുന്നേയില്ല.

രക്ഷയുടെ അനുഭവമില്ലാത്ത പെന്തെക്കോസ്ത് നേതാക്കൾ ലയനം ആഗ്രഹിക്കുന്നതിന്റെ കാരണം അവർ ദൈവവചനത്തിന് വലിയ പ്രാധാന്യമൊന്നും വ്യക്തിജീവിതത്തിൽ കൊടുക്കാത്തതുകൊണ്ടും മറ്റുള്ള സമുദായങ്ങളിൽ വേദി കിട്ടുമെന്നുള്ള പ്രതീക്ഷകൊണ്ടുമാണ്. പോപ്പിന്റെ അപ്രമാദിത്തം, കന്യകമറിയത്തിന്റെ അമലോത്ഭവം, ശുദ്ധീകരണസ്ഥലം, മറിയത്തിന്റെ ദൈവീകത്വം, മറിയത്തിന്റെ നിത്യകന്യകാത്വം, മറിയയുടെ ശരീരത്തോടുകൂടിയുള്ള സ്വർഗ്ഗാരോഹണം, ജപമാല, വിഗ്രഹമെഴുന്നള്ളിപ്പ്, ഇവയെല്ലാം, കർത്താവ് വരാൻ താമസിച്ചാൽ പല പെന്തെക്കോസ്ത് നേതാക്കളും അംഗീകരിക്കുന്ന കാലം ഉടനെ വരും. എപ്പിസ്ക്കോപ്പൽ സഭകളും പെന്തെക്കോസ്തു സഭകളും ഒന്നിക്കേണ്ടതിന്റെ ആഗ്രഹപ്രകടനം പെന്തെക്കോസ്തു പത്രമായ **മരുമപ്പച്ചയുടെ** 2012 ജനുവരി 20 ലെ എഡിറ്റോറിയലിലുണ്ട്.

**അപ്പൊക്രിഫാ ഗ്രന്ഥങ്ങൾ:** (ഗ്രീക്കുഭാഷയിൽ മറച്ചുവയ്ക്കപ്പെട്ട ഗ്രന്ഥങ്ങൾ എന്നർത്ഥം) പഴയനിയമത്തിലെ അവസാനപുസ്തകമായ 'മലാഖി' എഴുതപ്പെട്ട ശേഷം നാന്നൂറു വർഷങ്ങൾ കഴിഞ്ഞാണ് യേശുക്രിസ്തു ബേത്‌ലഹേമിൽ ജനിക്കുന്നത്. ഈ 400 വർഷ കാലയളവിൽ, **യെഹൂദന്മാരുടെ തിരുവെഴുത്തിൽ** ഉൾപ്പെടാത്ത ചില രചനകൾ പ്രത്യക്ഷപ്പെടുകയും പ്രചരിക്കുകയും ചെയ്തിരുന്നു. ഈജിപ്തിലെ യെഹൂദർ ഈ രചനകളെ ഇഷ്ടപ്പെട്ടിരുന്നു. അതുകൊണ്ട്, അവർ **'സെപ്റ്റുവാജിന്റ്'** എന്ന പഴയനിയമ ഗ്രീക്ക് പരിഭാഷയിൽ ഈ രചനകളെക്കൂടി ഉൾപ്പെടുത്തി. എന്നാൽ യെരുശലേമിലെ യെഹൂദന്മാർ ഈ രചനകളെ അംഗീകരിച്ചിരുന്നില്ല. ആദിമ ക്രിസ്ത്യാനികളും ഈ രചനകൾക്ക് യാതൊരു അംഗീകാരവും കൊടുത്തിരുന്നില്ല. എന്നാൽ കത്തോലിക്കാ സഭ A.D. 1546ൽ **ട്രെന്റ് സുന്നഹദോസിൽ** ഈ പുസ്തകങ്ങളെ തിരുവെഴുത്തുകളായി പ്രഖ്യാപിച്ചു. പാരമ്പര്യ ആചാരങ്ങളും അനുഷ്ഠാനങ്ങളും തിരുവെഴുത്തുകൾക്ക് തുല്യമായി പ്രഖ്യാപിച്ചതും ഈ സുന്നഹദോസിലാണ്. (കത്തോലിക്കാ സഭാ ചരിത്രത്തിൽ നിന്ന്). പോപ്പിന്റെ പ്രഖ്യാപനങ്ങളെല്ലാം തെറ്റിക്കൂടാത്തതാണെന്ന് 1870- ലെ **വത്തിക്കാൻ സുന്നഹദോസിൽ** പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, ഇപ്പോഴത്തെ പോപ്പ് പല മുൻകാലചെയ്തികളെക്കുറിച്ചും ക്ഷമ ചോദിക്കുന്നുണ്ട്.

**ക്രിസ്ത്യാനികൾ അപ്പൊക്രിഫാ ഗ്രന്ഥങ്ങൾ അംഗീകരിക്കാത്തതിന്റെ കാരണങ്ങൾ**

1. യേശുക്രിസ്തു പഴയനിയമത്തിന്റെ എബ്രായപരിഭാഷയാണ് സുനഗോഗിൽ വായിച്ചുകൊണ്ടിരുന്നത് (ലൂക്കോ. 4:17). **എബ്രായ പരിഭാഷയിൽ അപ്പൊക്രിഫാ പുസ്തകങ്ങളില്ല.**
2. യേശുക്രിസ്തുവോ അപ്പൊസ്തലന്മാരോ അപ്പൊക്രിഫാ പുസ്തകങ്ങളിൽ നിന്ന് **ഒരു വാക്കുപോലും** പുതിയ നിയമ പുസ്തകങ്ങളിൽ ഉദ്ധരിച്ചിട്ടില്ല.
3. പൗലോസ് അപ്പോസ്തോലൻ **ഗ്രീക്ക് കവികളെവരെ അപ്പോസ്തോല പ്രവർത്തികൾ 17:28 ൽ ഉദ്ധരിച്ചിട്ടും,** അപ്പോക്രിഫായിൽ നിന്ന് ഒരു വാക്കു പോലും ഉദ്ധരിച്ചില്ല.
4. പതിനഞ്ച് നൂറ്റാണ്ടുവരെ **ഒരു സഭാപിതാവും** ഇതിനെ തിരുവെഴുത്തായി അംഗീകരിച്ചിരുന്നില്ല.
5. പരസ്പര വിരുദ്ധവും വസ്തുതകൾക്ക് നിരക്കാത്തതുമായ പ്രസ്താവനകൾ ഈ പുസ്തകങ്ങളിലുണ്ട്. ഉദാഹരണത്തിന്, **മീനിന്റെ ചങ്കും കരളും തീയിലിട്ട് പുകച്ച് ഭൂതത്തെ ഓടിച്ചതായി** തോബിയത്ത് 6:6-ൽ പറയുന്നു.

യേശുക്രിസ്തുവും അപ്പൊസ്തലന്മാരും അംഗീകരിക്കാത്ത പുസ്തകങ്ങളെ **ദൈവവചനമായി** ക്രിസ്ത്യാനികൾ അംഗീകരിക്കുന്നത് **വലിയ തെറ്റായി കാണേണ്ടതാണ്**. കാരണം, "ഞാൻ നിങ്ങളോട് കല്പിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകൾ നിങ്ങൾ അനുസരിക്കണം. ഞാൻ നിങ്ങളോട് കല്പിക്കുന്ന **വചനത്തോട് കൂട്ടുകയോ, അതിൽനിന്ന് കുറയ്ക്കുകയോ ചെയ്യരുത്**.... അങ്ങനെ ചെയ്താൽ, ജീവവൃക്ഷത്തിലും വിശുദ്ധ നഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും" (ആവ. പുസ്തകം 4:2, വെളി. 22:18,19).

# കുഞ്ഞുങ്ങൾക്ക് ആവേശമായി എക്സൽ വി. ബി. എസ്. 2012

**തിരുവല്ല:** എക്സൽ വി.ബി.എസ്. 2012ലെ ചിന്താവിഷയം തിരഞ്ഞെടുത്തു. മഴവില്ല് (ഉല്പ: 9:13) എന്നതാണ് ചിന്താവിഷയം. ഇതിനെ അടിസ്ഥാനമാക്കിയുള്ള പാട്ടുകൾ, കഥകൾ, ധ്യാനചിന്തകൾ, ഗെയിമുകൾ എന്നിവ തയ്യാറായികഴിഞ്ഞു. കേരളം, കർണ്ണാടക, തമിഴ്നാട്, വടക്കേന്ത്യൻ സംസ്ഥാനങ്ങൾ, മുംബൈ, ഡൽഹി, ഗുജറാത്ത് കൂടാതെ യു. കെ., ഓസ്ട്രേലിയ, കാനഡ, ഗൾഫ് രാജ്യങ്ങളായ ദോഹ, ഷാർജ, ദുബൈയ്, അബുദബി, ബഹ്റിൻ, കുവൈറ്റ് എന്നിവിടങ്ങളിലും നടക്കും. കേരളത്തിൽ കാസർഗോഡ് മുതൽ പാറശ്ശാലവരെ ജില്ലകൾ കേന്ദ്രീകരിച്ച് വി.ബി.എസ്. പരിശീലനകളരികളും സഭകൾ കേന്ദ്രീകരിച്ച് ചെറു പരിശീലനങ്ങളും നടക്കും. 3000ലധികം പേർ ഈ പരിശീലനങ്ങളിൽ പങ്കാളികളാകും. സണ്ടേസ്കൂൾ അദ്ധ്യാപകർ, ബാലസുവിശേഷകർ, യുവജന പ്രവർത്തകർ, വേദവിദ്യാർത്ഥികൾ, പാസ്റ്റേഴ്സ് മറ്റ് തല്പരരായ വ്യക്തികൾക്ക് ഇതിൽ പങ്കെടുക്കാം. എക്സൽ വി.ബി.എസ്. 2012ന് കേരളത്തിലെ പ്രമുഖ സഭകൾ നേതൃത്വം നൽകും. 1500ലധികം വി.ബി.എസ്സുകൾ നടക്കും. ബിനു ജോസഫ് വടശ്ശേരിക്കര, അനിൽ ഇലന്തൂർ, ഫിന്നി കാഞ്ഞങ്ങാട്, സ്റ്റാൻലി റാന്നി, ബിനു കുമരകം, ഷാജി ജോസഫ്, കെ.വി.ജോൺ, സണ്ണിജോൺ, ജോബി കെ.സി., ബ്ലസൻ ജോൺ, പ്രീതി ബിനു, ജിൻസി അനിൽ എന്നിവർ നേതൃത്വം നൽകും. വി.ബി.എസ്. നടത്തുവാനോ പരിശീലന ടീമുകളിൽ അംഗമാകുന്നതിനോ താല്പര്യപ്പെടുന്നവർ ഞങ്ങളുമായി ബന്ധപ്പെടുക. ഫോൺ: 9495834994, 9496325026.

# ഓഡിയോ ഇന്ത്യ പുരസ്കാരങ്ങൾ സമ്മാനിച്ചു



**ഷാർജ:** ഓഡിയോ ഇന്ത്യയുടെ പ്രവാസി ക്രൈസ്തവ സാഹിത്യ പുരസ്കാരം ഷിബു മുള്ളംകാട്ടിലിനും പ്രവാസി മാധ്യമ പുരസ്കാരം ബിജു ആമ്പേൽ ജേക്കബിനും ലഭിച്ചു. ജനുവരി 12 ന് ഷാർജ വർഷിപ്പ് സെന്ററിൽ നടന്ന സമ്മേളനത്തിൽ പ്രമുഖ മാധ്യമ പ്രവർത്തകൻ ഷാബു (ഹിറ്റ് എഫ്. എം. റേഡിയോ ന്യൂസ് ഹെഡ്) പുരസ്കാരങ്ങൾ സമ്മാനിച്ചു.

ഗൾഫ് മലയാളി ക്രിസ്ത്യൻ റൈറ്റേഴ്സ് ഫോറത്തിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയായ ഷിബു മുള്ളംകാട്ടിൽ പത്രപ്രവർത്തകൻ, ഗ്രന്ഥകാരൻ, സംഘാടകൻ എന്നീ നിലകളിൽ അറിയപ്പെടുന്നു. ഏഷ്യാനെറ്റ് ന്യൂസിന്റെ 'ഗൾഫ് റൗണ്ട് അപ്പ്' എന്ന പരിപാടിയുടെ ആരംഭകനായ ബിജു ആമ്പേൽ ജേക്കബ് ഗോൾഡ് എഫ്. എം. റേഡിയോ ന്യൂസ് ഹെഡാണ്. സമ്മേളനത്തോടനുബന്ധിച്ച് ചാർളി സാം ബാബു, റോണി ജോസഫ് എന്നിവരുടെ സംഗീതസന്ധ്യയും നടന്നു. സ്റ്റാൻലി ജോൺ, ജോർജ്ജ് മാത്യു, സിബി കോട്ടവിള എന്നിവർ നേതൃത്വം നൽകി.

# സോൾ വിന്നേഴ്സ് ഇൻഡ്യാ വാർഷിക കൺവൻഷൻ



റവ. റേ പൊഫാം, റവ. ജോൺ കെ. മാത്യു, റവ. ജോയ് തോമസ്, റവ. കെ. ജി. ഈശോ

സോൾ വിന്നേഴ്സ് ഇൻഡ്യാ 16-ാമത് വാർഷിക കൺവൻഷനും, ബൈബിൾ കോളേജ് ഗ്രാജുവേഷനും ഫെബ്രു 24-26 വരെ ബഡ് വയിൽ നടക്കും. 24-ാം തീയതി രാവിലെ 9 മണിക്ക് എസ്. ഡബ്ല്യു. ഐ. സ്ഥാപക പ്രസിഡന്റ് റവ. കെ. ജി. ഈശോ യോഗങ്ങൾ ഉദ്ഘാടനം ചെയ്യും.

അന്തർദേശീയ പ്രഭാഷകനും, കോൾ റ്റു നേഷൻസ് പ്രസിഡന്റുമായ റവ. ഡോ. റേ പൊഫാം (അമേരിക്ക), റവ. ജോൺ കെ. മാത്യു (കേരളം), റവ. ജോയ് തോമസ് (ന്യൂഡൽഹി) റവ. കെ. ജി. ഈശോ (മദ്ധ്യപ്രദേശ്) എന്നിവരായിരിക്കും ഈ വർഷത്തെ പ്രധാന പ്രസംഗകർ.

യൂത്ത് മീറ്റിംഗ്, സൺഡേ സ്കൂൾ വാർഷികം, മിഷൻ ചലഞ്ച് സഹോദരി സമാജം, സുവിശേഷയോഗം, സംയുക്ത ആരാധന, കർത്തൃമേശ എന്നീ മീറ്റിംഗുകൾ നടത്തപ്പെടും. പ്രസ്തുത യോഗങ്ങൾക്ക് പാസ്റ്റർമാരായ ജോൺസൺ ഏബ്രഹാം, നിതിൻ കുമാർ, എൻ. ജെ. ജേക്കബ്, കെ. കെ. അനിയൻ കുഞ്ഞ്, ബ്രദർ സന്തോഷ് ഈശോ എന്നിവർ നേതൃത്വം നൽകും.

മദ്ധ്യപ്രദേശ്, കേരളം, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ബെഥേൽ ബൈബിൾ കോളേജുകളിൽ നിന്നും പഠനം പൂർത്തീകരിച്ച 73 വിദ്യാർത്ഥി, വിദ്യാർത്ഥിനികളുടെ ബിരുദദാനം 25-ാം തീയതി നടത്തപ്പെടും. ആക്ട് 1 പ്രൊഡക്ഷൻസ് (ഇറ്റാർസി) ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.ഇൻഡ്യയുടെ 25 സംസ്ഥാനങ്ങളിലും നേപ്പാൾ, ഭൂട്ടാൻ എന്നി അയൽ രാജ്യങ്ങളിലുമായി പ്രവർത്തിച്ചുവരുന്ന എസ്. ഡബ്ല്യു.ഐയുടെ പ്രവർത്തകർ ഈ യോഗങ്ങളിൽ പങ്കെടുക്കും.

# സഹോദരി സമ്മേളനം

അസംബ്ലീസ് ഓഫ് ഗോഡ് ആലപ്പുഴ സെക്ഷൻ ഡബ്ല്യു. എം. സി. പ്രത്യേക സമ്മേളനം കാട്ടൂർ ഏ. ജി. സഭയിൽ വച്ച് നടത്തപ്പെട്ടു. സെക്ഷൻ പ്രസിഡന്റ് സിസ്റ്റർ കെസിയ ബേബിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട യോഗത്തിൽ സെക്രട്ടറി സിസ്റ്റർ ലിസി വിൽസൻ റിപ്പോർട്ട് അവതരിപ്പിച്ചു. സിസ്റ്റർ ഗ്രേസമ്മ ഡേവിഡ് മുഖ്യപ്രഭാഷണം നടത്തി. സിസ്റ്റർ ലിസ്സി വിൽസൻ സ്വാഗതവും സിസ്റ്റർ ആനി പോൾ നന്ദിയും പറഞ്ഞു.

## കല്ലുകടി

# ബഹിഷ്കരണ വാദികളുടെ തനിനിറം

ബിലീവേഴ്സ് ജേണൽ ജന്മം എടുത്ത കാലം മുതൽ പത്രസമ്മേളനങ്ങളിൽ നിന്ന് ജേണലിനെ ഒഴിവാക്കണം എന്ന് ശഠിക്കുന്ന ഒരു പത്രക്കാരനുണ്ട് തിരുവല്ലയിൽ. ടെലഫോണിലൂടെ ആളുകളുടെ തന്തയ്ക്കു വിളിക്കുക, പിന്നോക്കവിഭാഗത്തിലുള്ളവരെ സഹിച്ചുകൂടായ്ക, അവരെ ജാതിപേര് വിളിച്ച് ആക്ഷേപിക്കുക തുടങ്ങിയ കലാപരിപാടികൾക്കു വിദഗ്ദൻ. തനിക്കില്ലാത്തതിനെയെല്ലാം അടച്ചാപേക്ഷിക്കുകയെന്നതും കക്ഷിയുടെ സ്ഥിരം പരിപാടിയാണ്. അമേരിക്കയ്ക്കു പോകുന്നവരെല്ലാം തെണ്ടാൻ പോകുകയാണെന്നും നാണമില്ലാത്തവരാണെന്നും കക്ഷി ഐ. പി. സി കൗൺസിലിൽ വരെ പ്രസംഗിക്കുന്നത്ര ആദർശശാലിയായിരുന്നു. പത്തു പന്ത്രണ്ടു തവണ കോൺസലേറ്റുകാർ മടക്കി അയച്ചതിന്റെ സങ്കടം അമേരിക്കയിൽ പോകുന്നവരോടു തീർത്തു എന്നു മാത്രം. ഇതിനു നാട്ടു ഭാഷയിൽ അസൂയ എന്നൊരു പേരും പറയാറുണ്ട്. പക്ഷേ ഈ ആദർശവാദിക്ക് അങ്ങനെയൊന്നില്ലല്ലോ. ഏതായാലും കോൺസലേറ്റുകാർ കനിഞ്ഞു. ഇപ്പോൾ ഡോളർ കൈയിലുള്ള ആരേയും അച്ചാ അച്ചാ എന്നു വിളിച്ച് ഭവ്യതയോടെ നിൽക്കും ഈ "കുഞ്ഞ് അച്ചൻ". അങ്ങനെയുള്ളവരെ കാണുമ്പോൾ ചുടേറിയ മരുഭൂമിയിലെ യാത്രക്കാരൻ "മരുപ്പച്ച" കാണുമ്പോൾ ഉള്ള സന്തോഷം മുഖത്തും. ഇദ്ദേഹത്തിനൊപ്പം ജ്വലിച്ചുനിൽക്കുന്ന അഭിനവ കെ. എം. മാത്യു ആകട്ടെ കർത്താവ് അഞ്ചപ്പം കൊണ്ട് അയ്യായിരങ്ങളെ പോഷിപ്പിച്ചതുപോലെ ആയിരം കോപ്പികൊണ്ട് 5 ലക്ഷം വായനക്കാരെ സൃഷ്ടിച്ച മഹാ മാന്ത്രികനും, ബഹിഷ്കരണം മൂത്തുവന്നപ്പോഴാണ് അമേരിക്കൻ കോൺഫറൻസുകാരുടെ പത്ര സമ്മേളനം തിരുവല്ലയിൽ നടക്കുന്നത്. പത്ര സമ്മേളനത്തിൽ പി. സി. എൻ. എ. കെ. ചാരിറ്റിവർക്ക് ഏറ്റെടുത്തു നടത്തുന്ന പത്രങ്ങൾ പോലും ക്ഷണിക്കപ്പെട്ടില്ല. സംഘാടകർ തിരുവല്ലയിലെ ഒരു പത്രക്കാരനെ ഏല്പിച്ചതാണ് കാരണം. വൈകി വിവരം അറിഞ്ഞ സംഘാടകർ തെറ്റുതിരുത്തി എല്ലാവരെയും ക്ഷണിച്ചു. അപ്പോൾ അടുത്ത മാന്ത്രികവടി ഉയർന്നു, ബഹിഷ്ക്കരണം. പക്ഷേ സംഘാടകർ ഉറച്ചുനിന്നു. അമേരിക്കയിൽ വീണ്ടും പോകാൻ ഒരുങ്ങിയിരിക്കുന്നവർ അപകടം മണത്തു. കുഞ്ഞാടുകളായി അടങ്ങിയിരുന്നു.

**അടിക്കുറിപ്പ്:** ചർച്ച് ഓഫ് ഗോഡ് റീജിയൻ കൺവൻഷൻ പത്രസമ്മേളനത്തിൽ നിന്ന് ഒരു വിഭാഗം ഇറങ്ങിപ്പോയതിന് കാരണമെന്ത്? പാവം റീജിയൻകാരുടെ കൈയ്യിൽ ഡോളറില്ലായിരുന്നു.

# 02 വിപ്ലവകാരിയായ ക്രിസ്തു....

നാക്കുകയും ചെയ്തു. ഇങ്ങനെ ക്രിസ്തു സ്വജാതിയരോടും വിജാതീയരോടും ഒരു പോലെ സഹകരിച്ച്, മനുഷ്യർക്കിടയിൽ കെട്ടി ഉയർത്തപ്പെട്ട ജാതീയത എന്ന മതിൽ തകർത്തു. മാത്രമല്ല, യെഹൂദനെയും, യവനനെയും, ചുങ്കക്കാരനേയും, ശമര്യനെയും, എല്ലാവരെയും ഒന്നിച്ചു പങ്കെടുപ്പിച്ചുകൊണ്ടുള്ള 'തിരുവത്താഴം' പ്രഖ്യാപിച്ചതും, വിപ്ലവകരമായ മാറ്റമായിരുന്നു.

### 2) അടിമത്വത്തിനെതിരായ പ്രവർത്തനങ്ങൾ

പ്ലേറ്റോയും, അരിസ്റ്റോട്ടിലും, ബുദ്ധനും എല്ലാം അടിമത്വത്തെ ന്യായീകരിച്ചപ്പോൾ, അടിമത്വത്തിന് എതിരായി ആദ്യ ശബ്ദിച്ചത് ക്രിസ്തുവായിരുന്നു. മനുഷ്യരെല്ലാം സഹോദരന്മാരാണ് എന്ന യേശുവിന്റെ പഠിപ്പിക്കൽ അടിമത്വത്തിന്റെ വേരിൽ ആഞ്ഞു പതിച്ചു. മുക്കുവന്മാരായ തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകി ക്രിസ്തു തന്റെ സന്ദേശം പ്രവർത്തിയിലെത്തിച്ചു. ക്രിസ്തുവിൽ എല്ലാവരും ഒന്നാണ് എന്ന് യേശു പ്രഖ്യാപിച്ചപ്പോൾ അടിമത്വത്തിന്റെ വേരറ്റുപോയി.

### 3) ക്രിസ്തു ധനികവർഗ്ഗത്തിനെതിരെ

ധനികവർഗ്ഗത്തിനെതിരെ ആഞ്ഞടിച്ച വിപ്ലവകാരിയാണ് യേശുക്രിസ്തു. ക്രിസ്തുവിന്റെ ഗിരിപ്രഭാഷണങ്ങളും, ഉപമകളും ധനികവർഗ്ഗത്തിനെതിരായ വിപ്ലവ വിളംബരങ്ങളായിരുന്നു. ദരിദ്രരായിരുന്ന ഒരു കൂട്ടമായിരുന്നു ക്രിസ്തുവിന്റെ കൂടെ എപ്പോഴും ഉണ്ടായിരുന്നത്. "സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം" (മർക്കോസ് 10:23) എന്ന് ക്രിസ്തു പ്രഖ്യാപിച്ചതും, 'ഗുരോ നിത്യജീവൻ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം' എന്ന ചോദിച്ച പ്രമാണിയോട് 'നിനക്കുള്ളത് വിറ്റ് ദരിദ്രർക്ക് കൊടുക്ക' എന്നു പറഞ്ഞതും മറ്റും, ബൂർഷ്വാസികളായ ധനികവർഗ്ഗത്തിനെതിരെ തൊടുത്തു വിട്ട കൂരമ്പുകൾ ആയിരുന്നു.

### 4) സ്ത്രീകൾക്കുള്ള സ്വാതന്ത്ര്യം

യെഹൂദന്മാരുടെയിടയിൽ പല സ്ത്രീകളും ഉപേക്ഷണ പത്രം നല്കിയുള്ള വിവാഹമോചനത്തിന് ഇരയായി. എന്നാൽ യേശുക്രിസ്തു, ഈ രീതിയെ ശക്തമായി അധിക്ഷേപിച്ചു. പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു. (മത്തായി 19:9, 5:32) യേശു അന്യായമായ വിവാഹമോചനത്തെ എതിർക്കുകയും, സ്ത്രീക്കും പുരുഷനും തുല്യത കല്പിക്കുകയും ചെയ്തു.

### 5) കൂലിവ്യവസ്ഥ

തൊഴിലാളിക്കുവേണ്ടി വാദിക്കുന്ന കമ്മ്യൂണിസ്റ്റു ചിന്തക്ക് തന്നെ ജന്മം നല്കിയത് ക്രൈസ്തവാശയങ്ങളും വേദപുസ്തകവുമാണ്. മത്തായി 20-ാം അദ്ധ്യായത്തിലെ ഉപമയിൽ യേശുക്രിസ്തു അവതരിപ്പിച്ച വ്യവസ്ഥിതി കാണാവുന്നതാണ്. മൂന്നാം മണിക്കും, ആറാം മണിക്കും, പതിനൊന്നാം മണിക്കും ചെന്നവർക്കെല്ലാം ഒരേ കൂലി കൊടുക്കുന്ന സംഭവം ഇവിടെ കാണാം. തൊഴിൽ രാഹിത്യം ഇല്ലാത്ത വ്യവസ്ഥിതിയാണിത്. സമമായി നല്കുന്ന കൂലി വ്യവസ്ഥ പ്രഖ്യാപിച്ചതും, അതതു ദിവസത്തിന് അന്നന്നത്തെ അദ്ധ്വാനം മതി' എന്നു യേശു പറഞ്ഞതും വളരെ വിപ്ലവാത്മകം തന്നെയാണ്.

സാംസ്കാരിക മേഖലയിലും, നീതിന്യായ വ്യവസ്ഥയിലും മറ്റുമുള്ള ക്രിസ്തുവിന്റെ സംഭാവനകളും വളരെ വലുതാണ്. വധശിക്ഷക്ക് എതിരായി സംസാരിച്ച വ്യക്തിയായിരുന്നു യേശു. വ്യഭിചാരത്തിൽ പിടിച്ച സ്ത്രീയെ 'നിങ്ങളിൽ പാപമില്ലാത്തവൻ അവളെ കല്ലെറിയട്ടെ' എന്നു പറഞ്ഞു അവളെ വെറുതേ വിടുമ്പോൾ, ക്രിസ്തു അന്ന് നില നിന്നിരുന്ന നിർദ്ദയനിയമത്തെ വെല്ലുവിളിക്കുകയായിരുന്നു.

ഇങ്ങനെ വേദപുസ്തകാടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ, പല മേഖലകളിലും, ക്രിസ്തു ഒരു വിമോചന പോരാളിയായിരുന്നു എന്ന് നിസ്സംശയം പറയാം. അതുകൊണ്ടാണല്ലോ അദ്ദേഹം ഒരു രക്തസാക്ഷിയായി തീരേണ്ടി വന്നത്. എവിടെയോ കേട്ട ഒരു വാചകം ഓർത്തു പോകുന്നു. "ഇന്ന് എല്ലാവർക്കും ക്രൂശിൽ കിടക്കുന്ന ക്രിസ്തുവിനെ മതി. ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിചെല്ലുന്ന ക്രിസ്തുവിനെ ആർക്കും വേണ്ട".

# നിയമിതനായി

ബിലീവേഴ്സ് ജേണൽ അസ്സോസിയേറ്റ് എഡിറ്ററായി നിയമിതനായ പാസ്റ്റർ ജോസ് മാത്യു ബാംഗ്ലൂർ കോട്ടയം മാങ്ങാനം സ്വദേശിയാണ്. കഴിഞ്ഞ 25 വർഷങ്ങളായി കന്നട ഭാഷക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന ഇദ്ദേഹം മാങ്ങാനം കപ്പലുമാന്തോട്ടത്തിൽ കെ. ജെ. മാത്യു അന്നമ്മ ദമ്പതികളുടെ മകനാണ്. ഹരിയാന ഗ്രേസ് ബൈബിൾ കോളേജിൽ വേദ പഠനം നടത്തി. ഐ. പി. സി. കർണ്ണാടക ക്രൈസ്റ്റ് മിഷൻ ഏരിയ പാസ്റ്ററും, മിട്ടിഗനഹള്ളി സഭയുടെ ശുശ്രൂഷകനുമാണ്. സ്റ്റേറ്റ് മീഡിയാ ബോർഡ് ചെയർമാനും കൗൺസിൽ മെമ്പറുമാണ്. പി. വൈ. പി. എ. കർണ്ണാടക സ്റ്റേറ്റ് പ്രസിഡന്റു പദവി വഹിച്ചിട്ടുണ്ട്. "വിമോചന" എന്ന കന്നട മാസികയുടെ പബ്ലീഷറായി പ്രവർത്തിച്ചുവരുന്നു. മികച്ച സംഘാടകനും എഴുത്തുകാരനും പ്രസംഗകനും ഗായകനുമാണ് ഈ എം. ഡിവ് ബിരുദധാരി. ഭാര്യ. സാൻസി. മക്കൾ. ഫെബി, സെസ്സി, ഫിയോന.


# എക്സൽ വി. ബി. എസ്
## പരിശീലനങ്ങൾ 2012

| | |
|---|---|
| ഫെബ്രു: 24 | കാസർകോഡ്,കാഞ്ഞങ്ങാട്,ശ്രമിക് ഭവൻ 9447388428 |
| ഫെബ്രു : 25 | കണ്ണൂർ, തളിപ്പറമ്പ്, പ്ലാസ ഓഡിറ്റോറിയം 9495082653 |
| മാർച്ച്: 1, 2 | വയനാട്, മാനന്തവാടി ഹക്സൻ ഓഡിറ്റോറിയം 9495030917 |
| മാർച്ച് 2, 3 | ഏലപ്പാറ യൂണിവേഴ്സൽ കോളജ് 9961737904 |
| മാർച്ച് 3 | അടൂർ ഠൗൺ എ.ജി.ചർച്ച് 9961959222 |
| മാർച്ച്: 5, 6 | കോഴിക്കോട്, പുതിയറ ചർച്ച് ഓഫ് ഗോഡ് 9895480668 |
| മാർച്ച്: 6, | പാലക്കാട് YWCA ഹാൾ. 8086261407 |
| മാർച്ച്: 7 | പാലക്കാട് ചിറ്റൂർ 8086261407 |
| മാർച്ച്: 7, 8 | തൃശൂർ, പറവട്ടാനി ശാരോൻ ചർച്ച് 9961197614 |
| മാർച്ച് 10 | നിലമ്പൂർ, ഉപ്പട, ആനക്കല്ല്. ഫോൺ:9497119129 |
| മാർച്ച് 10 | ഗൂഡല്ലൂർ, ഇവാഞ്ചലിക്കൽ ചർച്ച്. ഫോൺ: 9486234137 |
| മാർച്ച് 11 | ചാത്തന്നൂർ ശാരോൻ ചർച്ച്. ഫോൺ: 9961224790 |
| മാർച്ച്: 12 | തൊടുപുഴ, അഗാപ്പെ ബൈബിൾ ചർച്ച് 9495023466 |
| മാർച്ച്: 12, 13 | കോട്ടയം ഐ.പി.സി.ഫിലദൽഫിയ, കഞ്ഞിക്കുഴി 9744996853 |
| മാർച്ച്: 14 | അഞ്ചൽ ടൗൺ എ. ജി ചർച്ച് ഹാൾ 9847652757 |
| മാർച്ച് 14 | അടിമാലി,ഒഴുവത്തടം ശാരോൻ ചർച്ച് 9745699763 |
| മാർച്ച്: 14, 15 | തിരുവനന്തപുരം SNDP Hall, പേരൂർക്കട 9947488279 |
| മാർച്ച്: 21 | മാവേലിക്കര, കല്ലുമല ചർച്ച് 9447596017 |
| മാർച്ച്: 15 | കാട്ടാക്കട ഗ്രേയ്സ് മിനിസ്ട്രീസ് ഇന്ത്യാഹാൾ 9446190073 |
| മാർച്ച് 21 | കളീയ്ക്കാവിള, FGIC Church,പനംകാല 09486452106 |
| മാർച്ച്: 16, 17 | നെയ്യാറ്റിൻകര, മുൻസിപ്പൽ ടൗൺഹാൾ 9562482676 |
| മാർച്ച് 17 | നെടുമങ്ങാട് |
| മാർച്ച് 20 | മുണ്ടത്താനം Baptist Church Hall 9961376474 |
| മാർച്ച് 21 | എറണാകുളം Church of God Hall തോപ്പുംപടി. 9995472323 |
| മാർച്ച് 22 | ചാരുംമൂട് Church of God ഗോസ്പൽ സെന്റർ 9447409518 |
| മാർച്ച് 22 | കൊല്ലം ടൗൺ Church of God 9495335445 |
| മാർച്ച്: 23, 24 | മാരാമൺ, മാർത്തോമ്മ റിട്രീറ്റ് സെന്റർ 9495834994 |
| മാർച്ച് 25, 26 | പുനലൂർ എ.ജി.ടൗൺ ചർച്ച് 9447503035 |
| മാർച്ച് 27 | അയർകുന്നം മർച്ചന്റ് അസ്സോസിയേഷൻ ഹാൾ 9744988860 |
| മാർച്ച് 27 | കോതമംഗലം, തങ്കളം ഫോൺ: 9946807769 |
| മാർച്ച് 28 | അഗളി, മോറിയ പ്രയർ ഹാൾ. ഫോൺ: 9446974759 |

സമയം : രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ

രജിസ്ട്രേഷൻ ഫിസ് : Rs.100 / Rs.200

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

Ph: + 91-9495834994 / 9496325026


# കൺവൻഷൻ

ഇന്ത്യാ പെന്തക്കോസ്തു ദൈവസഭ പീച്ചി സെന്റർ കൺവൻഷൻ 2012 ഫെബ്രുവരി 9 വ്യഴം മുതൽ 12 ഞായർ വരെ ആൽപ്പാറ സെന്ററിനു സമീപമുള്ള ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും. പാസ്റ്റർമാരായ ഫിലിപ്പ് പി. തോമസ്, വർഗ്ഗീസ് ഏബ്രഹാം, പി. ഐ. ഏബ്രഹാം, തോമസ് ഫിലിപ്പ്, ഇ. എം. ജോർജ്ജ് എന്നിവർ പ്രസംഗിക്കും. മണ്ണുത്തി മിസ്പാ വോയ്സ് ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

# മിഷൻ പ്രവർത്തനം

അസംബ്ലീസ് ഓഫ് ഗോഡ് ആലപ്പുഴ സെക്ഷന്റെ ആഭിമുഖ്യത്തിൽ മിഷൻ പ്രവർത്തനം പാതിരപ്പള്ളി കേന്ദ്രമാക്കി നടത്തപ്പെട്ടു. പ്രസ്ബിറ്റർ പാസ്റ്റർ ബേബി ചെറിയാന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനത്തിൽ സെക്ഷനിലെ എല്ലാ ദൈവദാസന്മാരും പങ്കെടുത്തു. പാസ്റ്റർ ബിനു തോമസ് ഇവിടെ ശുശ്രൂഷിക്കുന്നു.

# ഐ. പി. സി. കർണ്ണാടക സ്റ്റേറ്റ്



കൺവൻഷൻ ഉദ്ഘാടനം ഐ. പി. സി. സ്റ്റേറ്റ് പ്രസിഡന്റ് റവ. സാം ജോർജ്ജ് നിർവ്വഹിക്കുന്നു



റവ. വത്സൻ എബ്രഹാം



റവ. സാം ജോർജ്ജ്



പാ റ്റി.ഡി. തോമസ്



പാ കെ. എസ് ജോസഫ്



ബ്രദർ. പി. ഒ. ശാമുവേൽ



പാ നൂറുദ്ദീൻ മുള്ള



പാ പോൾ വർക്കി



പാ. സണ്ണി കുര്യൻ



പാ. ഇ. എ. മോസസ്



റവ. ഭക്തവത്സലൻ



ആരാധനയിൽ പാസ്റ്റർ വിത്സൻ ജോസഫ്



25 വർഷം കർണ്ണാടകയിൽ പ്രവർത്തിച്ചതിനുള്ള പുരസ്കാരം പാസ്റ്റർ ജോസ് മാത്യു ഏറ്റുവാങ്ങുന്നു



ഭക്ഷണം



നവ ദമ്പതികൾ സ്റ്റേറ്റ് എക്സിക്യൂട്ടീവ്സിനോടൊപ്പം

# ജൂബിലി കൺവൻഷൻ ദൃശ്യങ്ങൾ



കർത്തൃമേശ ശുശ്രൂഷയ്ക്ക് റവ. കെ. എസ്. ജോസഫ് നേതൃത്വം നൽകുന്നു


റവ. മാണി ചാക്കോ


ഡോ. ജോൺ താന്നിയ്ക്കൽ


പാ. കെ. സി. ജോൺ


പാ. ഷിബു നെടുവേലിൽ


പാ. വർഗ്ഗീസ് മത്തായി


പാ. ജേക്കബ് ജോർജ്ജ്


ബ്രദർ. സന്തോഷ് വടക്കേക്കുറ്റ്


സിസ്റ്റർ. മോളി ജോർജ്ജ്


ജീവകാരുണ്യ സഹായ വിതരണം സിസ്റ്റർ മേരി. സി. ജോൺ



കൺവൻഷൻ ക്വയർ


മൂന്ന് വയസ്സുകാരൻ ശമുവേൽ ട്രിപിൾ ഡ്രം അടിക്കുന്നു



കൺവൻഷനിൽ പങ്കെടുത്ത വിശ്വാസികൾ

## കൺവൻഷൻ കൺവീനേഴ്സ്


പാ. റ്റി.ഡി. തോമസ്


പാ. വർഗീസ് മാത്യു


ബ്രദ. ജോയി പാപ്പച്ചൻ


പാ. എൻ. സി. ഫിലിപ്പ്


പാ. ജിജോയ് മാത്യു


ബിജു.റ്റി. പാറേൽ


ജോസ് വർഗ്ഗീസ്


പാ.ജോസ്. മാത്യു


കെ. വി. മാത്യു


വൈ. തങ്കച്ചൻ


ബിജു. എം. പാറേൽ


പാ കെ. വി. ജോസ്

*Article*

# BE A LIGHT THAT SHINES FOR CHRIST



REV. DR. JASON VARGHESE
M.D., Th.D

In this world full of darkness and despair we the believers of Christ must shine so that others may know and follow the Lord and be saved from destruction. So we as individuals need to be a light that shines brighter than ever before. There are 5 points that make up the acronym LIGHT which tells us how to be a light that shines for Christ.

L - stands for Learn from your mistakes and the mistakes of others. In Philippians 4:9, Paul says "whatever you have learned or received or heard from me, or seen in me- put into practice. And the God of peace will be with you." Paul was telling us also that learn from my mistakes, hardships, and trials. And the only true way of learning from mistakes is by putting that lesson into practice for the future. For example, Michael Dell who is the founder, chairman, & CEO of Dell inc, is the 44th richest person in the world with a net worth of $14.6 billion. And he has been quoted by saying "Recognize that there will be failures, and acknowledge that there will be obstacles. But you will learn from your mistakes and the mistakes of others, for there is very little learning in success." Now if Mr. Dell could learn from his mistakes and be successful we too can be shining lights for Christ by following the same philosophy. We are living in an ever-changing world full of distractions that try to divert us from the path of righteousness. But we must hold-fast and stand firm in the Lord and not make the same mistakes twice.

I- stands for Invite and allow the Holy Spirit to guide your steps. The movement we take water baptism and emerge a new creature we are covered by the Holy Spirit. Now at times, we ignore the Holy Spirit's direction and guidance and follow our earthly desires and wants. That is when we as believers get into trouble and stray away from God's-will and do our-will. John 16:13, says "…when he the Spirit of truth (Holy Spirit) comes he will guide you into all truth." There are many people ready and willing to guide you in many different directions. Some are motivated by wealth, power, and influence that will lead to destruction. But the Holy Spirit is motivated by the Lord to save the souls of the lost.

G- stands for Give more to the Lord and others. Now this is a sensitive subject among believers. I do not want or need your money but the church needs financial support to continue missionary work and the spreading of the Gospel. How much you decide to give to the Lord is up to you. The Lord wants and delights in a cheerful giver, not someone that gives with reluctance. Acts 20:35, the Lord Jesus himself said, "It is more blessed to give than to receive." But giving is not limited to financial support, it includes your time, efforts, talents, and abilities. You must give of yourself in order for God to truly use you. When you use your talents and abilities for Christ, God will strengthen and empower your talents and abilities. This will make you shine for Christ.

H- stands for Humble yourself with every blessing. Now this is hard, but our first response for every victory, blessing, gift, or success must be thanks and praise to our Heavenly Father. Because it is only be Him that we have anything or are anything. Realizing that we are nothing without Christ and realizing that we have nothing but Christ should be forever in our mind and heart. Matthew 23:12 says, "For whoever exalts himself will be humbled, and whoever humbles himself will be exalted." Our Lord reminds us that we must not take credit for what He has done so we must praise Him.

T- stands for Trust in His unfailing love. Psalm 13:5, David says, "But I trust in your unfailing love." Regards of our battles, struggles, hurdles, or difficulties always trust in the unfailing agape love of our Lord Jesus. His love is never ending, never failing, and is beyond measure. Psalm 37:5-6, says "Commit your way to the Lord; trust in Him and he will do this: He will make your righteousness shine like the dawn."

My 5 points are 5 verbs- which are words that convey action- Learn, Invite, Give, Humble, & Trust. So everyone must do the action in order to be a light that shines for Christ brightly. You must understand you purpose is to praise God and to spread the Gospel.

In a world full of darkness we all should stand out in boldness and shine and emit the presence of God in our daily lives. Let others see a difference in you. Let others ask you why is your face so radiant, not because of your make-up but because of the Glory of God. May His face shine upon you and make you a blessing to others. May others lost in this world find the Lord and His redemptive power.

Stop being afraid of what God can do thru you and with you. Be used by Him. Stop living a life of mediocrity. Live a life of excellence and peace that only Christ can offer. Stop feeling guilty for what you should do for Christ and just do it. Stand in the gap and pray for the souls of your friends and loved ones that need a better relationship with Lord Jesus. We as a church should also stand together to ignite a spark and start flames that reaches out from our city to our state to our country and to the whole world. Let others know that we shine for Jesus Christ and that we are saved by the price He paid on the cross. May we as individuals shine this 2012 more than ever before.

*Article*

# How BIG is your VISION?



PASTOR SHIBU CHERIAN
Shibunissy@gmail.com

E. Paul Hovey has once remarked: "A blind man's world is bounded by the limits of his touch; an ignorant man's world by the limits of his knowledge; a great man's world by the limits of his vision".

What a remarkable observation! By God's grace, we are neither blind nor ignorant, so what is holding us back from achieving greatness and fulfilling God's plan in our lives is the fact that we do not have a clear vision for our future. God's Word tells us: "where there is no vision, the people perish" (Proverbs 29:18, KJV). However, to have a vision in our lives is to visualize where we can be tomorrow, not where we are now today. When we have a clearly defined vision, it is possible that we may travel on a different road than others.

Helen Keller was born in 1880 in Tuscumbia, Alabama in the United States. When she was 18 months old, she had a crippling fever that left her deaf, blind and dumb. However, she was determined to make something of her life. By the age of 7, she invented 60 different signs to communicate with her family. She later learned the Braille language from her teacher Anne Sullivan. In 1904, she became the first deaf-blind person to graduate from a college (Radcliffe). She went on to become a prolific writer (wrote 12 books) and a gifted motivational speaker. She received many honorary Ph.D. degrees from many universities around the world, including Delhi University in 1965, and in 1973 she was inducted into the National Woman's Hall of Fame. She is an example of a person who was blind physically, but achieved greatness because of her BIG vision. How BIG is your vision?

It is a sad fact that this world is full of dreamers and visionaries, but only a few are bold enough to move forward and take concrete steps to actualize their vision. Joseph Campbell has made the following statement: "A dream is your creative vision for your life in the future. A vision is what specifically you intend to make happen".

The first step in having a vision is to create a personal vision statement after much reflection and prayer. This statement will allow us to look forward to the future with positive expectations about ourselves as this will broadly describe what we want from our earthly lives. Our vision should be just out of reach, but never out of sight. When we write down our vision statement, this will keep us focused enough to think about and set up achievable goals. This is what God told prophet Habakkuk: "Write the vision and make it plain on tablets, that he may run who reads it. For the vision is yet for an appointed time; but at the end it will speak, and it will not lie. Though it tarries, wait for it; because it will surely come, it will not tarry." (Habakkuk 2:2-3)

Having a vision will enable us to improve our self image, as well as help out in our relationship with other people. We will be able to set up small and big goals that will be distinguished by the time span. The three wise men from the East who started their journey had a vision - to see the newborn King of the Jews (Matthew 2:1). What guided them in their arduous journey was the star in the sky, and all they did was follow the star. The only time they faulted was by asking the people in Jerusalem instead of following the star to their final destination (v.2). This resulted in King Herod's intervention, which resulted in the massacre of many innocent children (vv. 16-18). However, it was the star that guided them finally to the baby Jesus (vv. 9-11).

Our persistence in following our vision is the key for our success. Let us note that our vision will be tested many times (e.g. Joseph in the Old Testament). However, behind every obstacle lies an opportunity that we must grab. We must incubate our vision through times of fasting, prayer and meditation. Finally, we must never forsake integrity and faith in God who alone will bring our vision into completion "being confident of this very thing, that He who has begun a good work in you will complete it until the day of Jesus Christ" (Phil 1:6)

## ബിരുദദാനം



വടവാതൂർ ഷാലോം ബൈബിൾ കോളേജിന്റെ 56–ാമത് ബിരുദദാന സമ്മേളനത്തിൽ പാസ്റ്റർ എം. വി. വർഗ്ഗീസ് മുഖ്യ പ്രഭാഷണം നടത്തുന്നു. റവ. എബി പീറ്റർ, പാസ്റ്റർ കെ. സി. ചെറിയാൻ, ഡോ. എ. സി. ജോർജ്ജ്, ഡോ. മാത്യു ഫിന്നി എന്നിവർ വേദിയിൽ

## ഡോ.കോര സംസാരിക്കുന്നു



1. സാമർത്ഥ്യമുള്ള ഭാര്യയെ ആർക്കു കിട്ടും?

**– മനു, പന്തളം**

*ആർക്കും കിട്ടാം എവിടേയും കിട്ടാം; അവളുടെ കൈയ്യിൽ നിന്നു രണ്ടു കിട്ടിയാൽ അവൾ സാമർത്ഥ്യമുള്ളവൾ*

2. തിരുമേനി കുമ്പനാട്ട് **– വാർത്ത**

*'നിൻ തിരുമേനിയറുക്കപ്പെട്ടു....' എന്നു പാടിയിരുന്നെങ്കിൽ അദ്ദേഹം ജീവനും കൊണ്ടോടി യേനെ*

3.' വേർപ്പെട്ടവർ' എന്ന് എന്തിനാണ് ദൈവജനത്തെ വിളിയ്ക്കുന്നത്?

**– രാജു, ഒക്കലഹോമ**

*അവർ ദൈവത്തോട് വേർപെട്ടതുകൊണ്ട്*

4. അടുത്തയിടെ "സാമ്പത്തിക വിടുതൽ ശുശ്രൂഷ" എന്നൊരു പോസ്റ്റർ കണ്ടു. ഡോ. കോര ഇതിനെപ്പറ്റി എന്തു പറയുന്നു? **– മാത്യു, ചെങ്ങന്നൂർ**

*ഉടനെ തന്നെ വിവാഹ വിടുതൽ ശുശ്രൂഷ വരുന്നുണ്ട്.*

5. പാട്ടുമോഷണം നടത്തുന്നവരെ ജേണൽ പുറത്തുകൊണ്ടുവരുന്നു **– വാർത്ത**

*" പാട്ട്" അല്ലേ? ഫ്ളോറിഡായ്ക്ക് പോകണ്ടാ കേട്ടോ*

6. അടുത്തമാസം എന്റെ വിവാഹമാണ്. താങ്കളുടെ എക്സ്പീരിയൻസിൽ നിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ തരാൻ ഉണ്ടോ? **– തോമസ്, കൊല്ലം**

*മോനെ, സഹിക്കുന്നുവെങ്കിൽ കൂടെ വാഴാം.*

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന് പുതിയ കൗൺസിൽ



പാ. പി. ജെ. ജെയിംസ്



ബെൻസ് ഏബ്രഹാം



എ. റ്റി. ജോസഫ്



വൈ. റെജി



ജോൺസൺ ദാനിയേൽ



എം. ജോൺസൺ



തോമസ് പുളിവേലിൽ



മാത്യു കെ. ഫിലിപ്പ്



ഷിബു. കെ. മാത്യു



റ്റി. എ. ജോർജ്ജ്



എം. ഇ. ബേബി



റ്റി. സി. ചെറിയാൻ



കെ. വി. ജോയിക്കുട്ടി



കെ.കോരുത്



ജെ. ജോസഫ്

**2012** ജനുവരി 10 ന് മുളക്കുഴയിൽ നടന്ന ചർച്ച് ഓഫ് ഗോ ഡ് കേരളാ സ്റ്റേറ്റ് കൗൺസിൽ തെ രഞ്ഞെടുപ്പിൽ പാസ്റ്റേഴ്സ് പി. ജെ. ജെയിംസ്, ബെൻസ് ഏബ്രഹാം, എ.റ്റി. ജോസഫ്, വൈ. റെജി, ജോൺസൺ ദാനിയേൽ, തോമസ് എം. പുളിവേലിൽ, എം. ജോ ൺസൺ, മാത്യു. കെ. ഫിലിപ്പ്, ഷിബു. കെ. മാത്യു, റ്റി. എ. ജോർ ജ്ജ്, എം. ഇ. ബേബി, റ്റി. സി. ചെ റിയാൻ, കെ. കെ. കോരുത്, കെ. വി. ജോയിക്കുട്ടി, ജെ. ജോസഫ് എന്നിവർ വിജയിച്ചു.

പതിവിന് വിപരീതമായി വാശിയേറിയ മത്സരമാണ് ഇക്കുറി നടന്നത്. മുപ്പത്തിയഞ്ച് സ്ഥാനാർത്ഥികളാണ് രംഗത്തുണ്ടായിരുന്നത്. ഇതിൽ പാസ്റ്റർ പി. ജെ. ജെയിംസ് 588 വോട്ടു ലഭിച്ച് ഒന്നാമത് എത്തിയപ്പോൾ 35മനായ എം. വി. ശാമുവേൽ 31 വോട്ടു നേടി. ശക്തമായ പാനലുകളും ഭവന സന്ദർശനങ്ങ ളും വാഗ്ദാനങ്ങളും പ്രലോഭനങ്ങളും ചേരിതിരിവുമൊക്കെ പ്രകടമായ തെരഞ്ഞെടുപ്പാണ് ഇത്തവണ അരങ്ങേറിയത്. ചെറുപ്പക്കാ ർ മേൽകൈ നേടിയ തെരഞ്ഞെടുപ്പ് വരുവാൻ പോകുന്ന തെരഞ്ഞെടുപ്പുകളിലും മാറ്റം കൊണ്ടുവരും എന്ന സൂചന നൽകുന്നു.

പാസ്റ്റർ പി. ജെ. ജെയിംസ് പുതിയ ഓവർസിയറായി തെരഞ്ഞെടുക്കപ്പെട്ടതിനാൽ ഒഴിവ് വരുന്ന കൗൺസിൽ സ്ഥാനത്തേയ്ക്ക് പതിനാറാമതായി എത്തിയ പാസ്റ്റർ ജോസ് ബേബി എത്തുവാനാണ് സാധ്യത.

## നിത്യതയിൽ



### കെ. സി. ചാക്കോ

**ഐ.** പി. സിയുടെ പ്രാരംഭ പ്രവർത്തകൻ പരേതനായ കൊടുന്തറ ഉമ്മച്ചന്റെ മകൻ കെ. സി. ചാക്കോ (കൊച്ചുകുട്ടിച്ചൻ- 88) ജനുവരി 31-ാം തീയതി നിര്യാതനായി. മേൽപ്പാടത്ത് മുണ്ടകത്തിൽ പരേതനായ മാത്തൻ വർഗ്ഗീസിന്റെ മകൾ കുഞ്ഞമ്മയാണ് ഭാര്യ. മക്കൾ: പാ. രാജു കൊടുന്തറ, ബാബു കൊടുന്തറ, സണ്ണി കൊടുന്തറ, മോനി കൊടുന്തറ (ബിലീവേഴ്സ് ജേണൽ, യു.എസ്. എഡിറ്റർ) , ജെസ്സി കൊടുന്തറ, റോയി കൊടുന്തറ, റെജി കൊടുന്തറ. മരുമക്കൾ: അമ്മിണി, തങ്കമ്മ, എൽസി, ബെറ്റി, സുബി, ലിസി, മിനി (എല്ലാവരും യു. എസ്. എ). ശവ സംസ്കാരം കുമ്പനാട് ഹെബ്രോൻ സെമിത്തേരിയിൽ നടത്തപ്പെട്ടു.

## ഡിസ്ട്രിക്റ്റ് കൺവൻഷൻ

**തൃശ്ശൂർ:** ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് തൃശ്ശൂർ ഡിസ്ട്രിക്റ്റ് കൺവൻഷൻ ഫെബ്രുവരി 9 മുതൽ 12 വരെ തൃശ്ശൂർ ശക്തൻതമ്പുരാൻ നഗറിൽ നടക്കും. പാസ്റ്റർമാരായ സണ്ണി കുര്യൻ, കെ.എസ് ഏബ്രഹാം, കെ.ജെ. തോമസ്, പോൾ ഗോപാലകൃഷ്ണൻ എന്നിവർ പ്രസംഗിക്കും. ശാരോൻ വോയ്സ് തൃശ്ശൂർ ഗാനങ്ങൾ ആലപിക്കും. പാസ്റ്റർ കെ.ജെ ഫിലിപ്പ് നേതൃത്വം നൽകും.




# വീണ്ടും അറ്റ്ലാന്റയിൽ

തണുത്തുറഞ്ഞ ന്യൂയോർക്കിൽ പാദം ചവിട്ടിയപ്പോൾ ചൂടിൽ നിന്നും തണുപ്പിലേക്ക് തിരിച്ചെത്തിയതിന്റെ ആശ്വാസം. അറ്റ്ലാന്റായിലെ സുഖകരമായ കാലവസ്ഥ മനസ്സു തണുപ്പിച്ചു. ഇന്ത്യയിലെ ചൂടും പൊടിയും നിറഞ്ഞ കാലവസ്ഥയിൽ നിന്ന് രക്ഷപ്പെട്ടതിന്റെ ആശ്വാസം. കുമ്പനാട്ടും തിരുവല്ലയിലും ചൂടും പൊടിയും അനുഭവിച്ചറിഞ്ഞപ്പോൾ പുനലൂരിലേത് കേട്ടറിഞ്ഞു. ലോകക്കാരെ വെല്ലുന്ന തന്ത്രവും നീക്കങ്ങളുമായി നമ്മുടെ നേതാക്കന്മാർ അരങ്ങുവാഴുമ്പോൾ തല കുനിക്കേണ്ടിവരുന്നത് സെക്കുലർ രാഷ്ട്രീയക്കാരാണ് എന്ന് തോന്നിപ്പോകും. നമ്മുടെ പെന്തെക്കോസ്തിന് എന്തു പറ്റിയെന്ന് അറിയാതെ ചിന്തിച്ചുപോയി. എവിടെയും രാഷ്ട്രീയ ചർച്ചകൾ, കുതികാൽ വെട്ടും, കാലുവാരലും, പാരപണിയലുംമാത്രം. സത്യ സുവിശേഷത്തിന്റെ വക്താക്കളാകേണ്ടവർ ലോകക്കാരെക്കാൾ അധ:പതിച്ചിരിക്കുന്നു എന്ന യാഥാർത്ഥ്യം ആർക്ക് നിഷേധിക്കുവാൻ കഴിയും. ഇത് അപകടകരമായ ഒരു പോക്കായാണ് ഞാൻ കരുതുന്നത്.

പെന്തെക്കോസ്തിന്റെ നൈർമല്യം നമുക്ക് നഷ്ട്ടപ്പെട്ടിരിക്കുന്നു. അനുഭവ സമ്പത്തിനെക്കാൾ വലിയത് അഭിനയ സമ്പത്താണെന്ന് തെളിയിക്കുന്ന നേതാക്കന്മാരും ശുശ്രൂഷകരും. എവിടെയും മുഖംമൂടികൾ മാത്രം. ചൂടും പൊടിയും കൂടുകയാണ്. അത് ജനത്തെ അസ്വസ്ഥതപ്പെടുത്തുന്നു. ഇതിൽ നിന്ന് രക്ഷപ്പെടുവാൻ ശ്രമിക്കുന്നവർ ചുരുക്കം. ജനം ഒഴുകുകയാണ് ഈ ചൂടിലും പൊടിയിലും കൂടെ. അറ്റ്ലാന്റായിലെ സുഖകരമായ തണുപ്പിൽ ഞാൻ അല്പം ആശ്വസിക്കട്ടെ.

12 ☛ വിചാരണ........

പ്പും എന്തെങ്കിലും ആയിക്കൊള്ളട്ടെ അതൊന്നും പ്രശ്നമല്ല. നിങ്ങൾ തങ്കുവിനെയും താരുവിനെയും സാമച്ചനെപ്പോലെയും ആയ്ക്കൊള്ളുക."

ന്യൂജനറേഷനിലെ സകല ഉരിപ്പടികളും കൊതിക്കുന്നത് ഈ രൂപത്തിൽ ആയിത്തീരാനാണ്.

ആത്യന്തികമായും വ്യക്തിയെപ്പറ്റിയുള്ള ദൈവീക ലക്ഷ്യത്തിന് ഇവിടെ യാതൊരു വിധ പ്രസക്തിയും ഇല്ല. പ്രത്യുത ആത്മീകതയിലെ വ്യക്തിപരമായ ലക്ഷ്യങ്ങൾ ആണ് പ്രധാനം. ദൈവീക ലക്ഷ്യത്തിൽ നിന്നുള്ള ഈ വ്യതിചലനം പാപം അല്ലാതെ മറ്റെന്താണ്. ദൈവീക ലക്ഷ്യത്തെ നിരാകരിക്കുകയും മാനുഷിക ലക്ഷ്യത്തെ പ്രാപിക്കുകയും ചെയ്യുന്ന പ്രവർത്തിയായ് ഇത് മാറുന്നു. ദൈവീക പദ്ധതി കൈവെടിഞ്ഞുള്ള ആത്മീയത ക്രിസ്തീയം അല്ല. ദൈവം എനിക്ക് വേണ്ടി എന്നതിലുപരി ഞാൻ ദൈവത്തിന് വേണ്ടി എന്ന് പറവാനുള്ള പക്വതയാണ് ക്രൈസ്തവാത്മീയത. ഈ മനോഭാവത്തിലുള്ള ജീവിതമാണ് ക്രിസ്ത്യാനിത്വം. ഇത്തരത്തിൽ നമ്മിൽ ക്രിസ്തുമാത്രം ജീവിക്കയും നമ്മിൽ നിന്നും നിന്റെ ഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ എന്ന പ്രാർത്ഥന ഉയരുന്നു എന്നതുമാണ്.

ശത്രുസംഹാരവും, ഉദ്യോഗകയറ്റവും, സാമ്പത്തികാഭിവൃദ്ധിയും, സ്വയനേട്ടങ്ങൾക്കും ആമേൻ പാടുന്നൊരു ആത്മീയത ഇവിടെ ആളായ് മാറുന്നു. സകലവും സഹിക്കയും പൊറുക്കയും ചെയ്യുന്ന ദൈവസ്നേഹത്തിന്റെ കൂട്ടായ്മ അന്യമാവുന്നു. ഇത് യാഥാർത്ഥ ആത്മീയതയുടെ നശീകരണകാലം. ഇറക്കുമതി വെളിപ്പാടിന്റെ വ്യാവസായിക വിപ്ലവയുഗം, ക്ഷിപ്ര ഉണർവ്വിന്റെ കേളീരംഗം. പൊന്നുകൊടുത്ത് സൗഖ്യം നേടാവുന്ന, പണം കൊടുത്ത് ശുശ്രൂഷകനാവുന്ന, വെളിപ്പാടിന്റെ പേരിൽ വെളിച്ചപ്പാടന്മാർ ഉറഞ്ഞ് തുള്ളുന്ന വിപത്തിന്റെ കൂത്തരങ്ങ്. കേരളം യഥാർത്ഥ ആത്മീയതയുടെ വറവുനിലം. നിലത്തിന്റെ വരൾച്ച മാറ്റാൻ ആത്മനദി അകത്തില്ലാത്ത ദൈവമനുഷ്യരുടെ വിയോഗഭൂമി. പെന്തക്കോസ്ത് എന്നാൽ ആത്മ നിറവിന്റെ ഒരു കോശം പോലും അകത്തില്ലാത്തവരും, തലനിറച്ചും ചീഞ്ഞരാഷ്ട്രീയക്കളിയുടെ മാലിന്യം നിറച്ചവരുമായ നേതാക്കന്മാരുടെ ദ്വന്ദയുദ്ധക്കളമായി. വർത്തമാനകാല ജനതയുടെ ആത്മീക വിശപ്പിന് പരിഹാരം കാണാതെ എന്തിനോ വേണ്ടി നുളയ്ക്കുന്ന കൃമികളെപ്പോലിവിടെ ഇളകിമറിയുമ്പോൾ കർത്താവ് തന്റെ കാഹളം ആർക്കു വേണ്ടി ഊതും?

കൃപായുഗത്തിന്റെ അന്ത്യസ്പന്ദനങ്ങൾ നിലക്കും മുമ്പെ.....
വചനാഗ്നിയിൽ സർവ്വശുദ്ധിചെയ്ത ചിലർ ഉണരുന്നു....
ആത്മ നിറവിൽ ജീവിതം സുഘ്ടം ചെയ്ത വിശുദ്ധന്മാർ
ആത്മ ഭാരത്തിന്റെ അരംകൊണ്ട് ശുശ്രൂഷ രാകിവെടിപ്പാക്കിയവർ
വചനവ്യാഖ്യാനത്തിന് ജീവിതം തന്നെ വേദിയാക്കുന്നോർ
ഈ ചെറുകല്ലുകളിൽ നിന്നും ഉണർന്നെണീക്കട്ടെ
വിശക്കുന്ന ജനതക്കപ്പം വിളമ്പുന്നവർ...
ദൈവത്തിനായ് മാത്രം നിലകൊള്ളുന്നവർ

ലേഖനം

# ഇയ്യോബും പാപിയായിരുന്നു!!!



അനീഷ് കൊല്ലംകോട്
Mob : 9846968028

ഇയ്യോബ് ദൈവത്തിനെതിരായി പറഞ്ഞ ആദ്യത്തെ വാക്കുകൾ മൂന്നാം അദ്ധ്യായം ഒന്നാം വാക്യം മുതൽ രേഖപ്പെടുത്തിയിരിക്കുന്നു. എത്ര വലിയ കഷ്ടതയിലും ഒരു മനുഷ്യൻ തന്റെ ജന്മത്തെ ശപിക്കാൻ പാടില്ല. ഇവിടെ തന്റെ ജന്മദിവസത്തെ ഇയ്യോബ് ശപിക്കുകയാണ്. തുടർന്നുള്ള ഭാഗങ്ങളിൽ ദൈവത്തെ ശക്തമായ ഭാഷയിൽ വിമർശിക്കുകയും ദൈവത്തിനെതിരെ വാദിക്കാൻ ഒരുമ്പെടുകയും ചെയ്യുന്നു. തുടർന്ന് 31-ാം അദ്ധ്യായം അവസാനഭാഗംവരെയും ഇയ്യോബും സ്നേഹിതന്മാരും തമ്മിൽ ശക്തമായ ആശയസംവാദങ്ങൾ നടക്കുന്നു. അവിടെ ഇയ്യോബ് ദൈവത്തെ ശക്തമായ ഭാഷയിൽ വെല്ലുവിളിക്കുകയും എതിർക്കുകയും ദൈവത്തിന്റെ നീതിയെ ഭയംകൂടാതെ ചോദ്യം ചെയ്യുകയും ചെയ്യുന്നു. ദൈവത്തിനെതിരായ ഇയ്യോബിന്റെ വാക്കുകൾ നിയന്ത്രിക്കാൻ സ്നേഹിതന്മാർ ആവർത്തിച്ചാവർത്തിച്ച് ഓർപ്പിക്കുന്നുവെങ്കിലും വീണ്ടുംവീണ്ടും ദൈവത്തിനെതിരായി ഓരോ വാദഗതികൾ ഇയ്യോബ് ഉയർത്തിക്കൊണ്ടുവരുന്നതായാണ് കാണുന്നത്. ചില സന്ദർഭങ്ങളിൽ വിശ്വാസത്തിന്റെ പ്രഖ്യാപനങ്ങളും തന്നിൽനിന്നുണ്ടാകുന്നു. അതിലൊന്നാണ് "ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും" എന്നത്. ആ പ്രഖ്യാപനം അതേപടി സാക്ഷാത്ക്കരിക്കപ്പെടുകയും ചെയ്തു. 42-ാം അദ്ധ്യായത്തിൽ ഇയ്യോബ് ദൈവത്തോട് പറയുന്നു; "ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ. ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു". ചുരുക്കിപ്പറഞ്ഞാൽ ഏതൊരു ഭക്തന്റെയും ജീവിത്തിൽ ഉണ്ടാകുന്ന പ്രതിസന്ധികളിൽ അവർ ദൈവത്തോട് എങ്ങനെയൊക്കെ പ്രതികരിക്കും എന്നതിന്റെ ഉദാഹരണമായാണ് ഇയ്യോബിന്റെ ജീവിതാനുഭവം നിലകൊള്ളുന്നത് (യോഹന്നാൻ സ്നാപകന്റെ ചോദ്യവും യേശുവിനെപ്പറ്റിയുള്ള പ്രഖ്യാപനവും നമുക്ക് അറിവുള്ളതാണല്ലോ). ഇയ്യോബ് എന്ന വാക്കിന് മടങ്ങിവന്നവൻ എന്ന് അർത്ഥം കൊടുക്കുമ്പോൾ ഭൗതീകതയിലേക്കുള്ള മടങ്ങിവരവായിട്ട് മാത്രം അതിനെ വ്യാഖ്യാനിക്കാനാണ് പ്രസംഗകർ ശ്രമിക്കുന്നത്. എന്നാൽ തനിക്ക് ദൈവത്തിൽ ഉണ്ടായിരുന്ന സ്ഥായിയായ വിശ്വാസത്തിലേക്കുള്ള ഒരു മടക്ക (മാനസാന്തരം) മായും ദൈവത്തെപ്പറ്റിയുള്ള നൂതനവും അടിസ്ഥാനപരവുമായ കാഴ്ചപ്പാടിലേക്കുള്ള മാറ്റമായും ഇയ്യോബിന്റെ ഒടുക്കത്തെ ജീവിതത്തെകാണണം. പ്രധാനമായും ഇയ്യോബിന്റെ പുസ്തകം നൽകുന്നത് ആ സന്ദേശമാണ്. ഇയ്യോബ് പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്ന രംഗം ഒട്ടും മറകൂടാതെ രേഖപ്പെടുത്തിയിട്ടുണ്ട് താനും.

ഇയ്യോബിന്റെ പുസ്തകത്തിൽ പലരുടേയും ശ്രദ്ധയിൽപ്പെടാത്ത ഒരു വ്യക്തിയുണ്ട്. ഇയ്യോബിന്റെ പുസ്തകത്തിൽ എത്ര കഥാപാത്രങ്ങളുണ്ട് എന്ന് ചോദിച്ചാൽ ദൈവം, സാത്താൻ, ഇയ്യോബ്, ഇയ്യോബിന്റെ ഭാര്യ, 10 മക്കൾ, മൂന്ന് സ്നേഹിതന്മാർ, ചില ഭൃത്യന്മാർ എന്നായിരിക്കും ഒറ്റവാക്കിലുള്ള മറുപടി. എന്നാൽ ഇയ്യോബിനോടും തന്റെ മൂന്ന് സ്നേഹിതന്മാരോടും കൂടെ വാദഗതിയിൽ പങ്കെടുത്ത ഒരു പ്രധാനവ്യക്തിയുണ്ട്. പേര് ഏലീഹൂ. 32-ാം അദ്ധ്യായത്തിലാണ് അദ്ദേഹത്തിന്റെ രംഗപ്രവേശം കാണുന്നത്. ഏലീഹൂവിന്റെ വാക്കുകളാണ് ഇയ്യോബിന്റെയും സ്നേഹിതന്മാരുടെയും വാദഗതികൾക്ക് സമാപ്തിവരുത്തിയത്. തന്റെ മൂന്ന് സ്നേഹിതന്മാരോടും അതിശക്തമായ ഭാഷയിൽ പ്രതികരിച്ചുകൊണ്ടിരുന്ന ഇയ്യോബ് ഏലിഹൂവിന്റെ വാക്കുകൾക്കുമുന്നിൽ മറുപടി പറയാനാകാതെ മൗനം ഭജിക്കുന്നു. ഇയ്യോബ് ദൈവത്തിനെതിരായി പറഞ്ഞ സകല വാക്കുകൾക്കും ദൈവത്തിന്റെ ഭാഗത്തുനിന്നുകൊണ്ട് ഏലിഹൂ മറുപടി നൽകി. ഏലിഹൂവിനുശേഷം ഇയ്യോബിനോട് സംസാരിച്ചത് യഹോവയാണ്. യഹോവയുടെ ചോദ്യങ്ങൾക്കുമുന്നിലും ഇയ്യോബ് വാ പൊത്തുകയാണ് ചെയ്തത്. 42-ാം അദ്ധ്യായത്തിൽ വരുമ്പോൾ ഇയ്യോബ് ദൈവസന്നിധിയിൽ അനുതപിക്കുന്നതായി കാണുന്നു. ഇയ്യോബിനും മൂന്ന് സ്നേഹിതന്മാർക്കും ദൈവസന്നിധിയിൽ അനുതപിക്കേണ്ടിവന്നു. എന്നാൽ ചർച്ചയിൽ ഒരുപക്ഷേ ഏറ്റവുംകൂടുതൽ വാക്കുകൾ ഉപയോഗിച്ച് ഇയ്യോബിനോട് കടുത്ത ഭാഷയിൽ പ്രതികരിച്ച ഏലിഹൂ അനുതപിക്കേണ്ട ആവശ്യം വന്നില്ല. ദൈവത്തിന്റെ ഭാഗത്തുനിന്നാണ് ഏലിഹൂ പ്രതികരിച്ചത്.

"എന്റെ ദാസനായ ഇയ്യോബിനെപ്പോലെ നിങ്ങളും എനിക്ക് വിഹിതമായത് സംസാരിച്ചില്ല" എന്നുള്ള ദൈവത്തിന്റെ വാക്കുകളും തെറ്റായിട്ടാണ് വ്യാഖ്യാനിക്കുന്നത് എന്നുവേണം കരുതാൻ. എന്റെ ദാസനായ ഇയ്യോബ് എനിക്കുവിഹിതമായത് സംസാരിച്ചില്ല. നിങ്ങളും സംസാരിച്ചില്ല. എന്ന അർത്ഥത്തിൽ ആ ഭാഗം മനസ്സിലാക്കുന്നതാണ് സന്ദർഭത്തിന് ഏറെ യോജിക്കുന്നത്. എനിക്കുവാക്കുകൾ തെറ്റിപ്പോകുന്നു എന്ന് ഇയ്യോബ്തന്നെ പറയുന്നുമുണ്ട്. അറിവ് കൂടാതെ ആലോചനയെ ഇരുളാക്കുന്നോൻ ഇവനാർ എന്ന് സ്വയം പരിതപിക്കുന്ന ഇയ്യോബിന്റെ വാക്കുകളിൽ നിന്ന് തന്റെ പോരായ്മ എന്തായിരുന്നുവെന്ന് നിഷ്പ്രയാസം നമുക്ക് ഗ്രഹിക്കാവുന്നതാണ്. "എനിക്ക് അത്ഭുതമേറിയത് ഞാൻ തിരിച്ചറിയാതെ പറഞ്ഞുപോയി" എന്നുള്ള ഇയ്യോബിന്റെ വാക്കുകളും ഇയ്യോബിന്റെ അനുതാപം എന്തിനുവേണ്ടിയുള്ളതായിരുന്നു എന്നകാര്യം സ്ഥിരപ്പെടുത്തുന്നതാണ്.

തീ വീണ് കാടുകത്തിയിട്ട് കറ്റക്കൂട്ടമോ വിളവോ വെന്തുപോയാൽ കത്തിച്ചവൻ ഇരട്ടി പകരം കൊടുക്കണം എന്നതാണ് മോശയിലൂടെ ദൈവം നൽകിയ നിയമം. ദൈവത്തിന്റെ തീ ആകാശത്തുനിന്ന് വീണ് ഇയ്യോബിന്റെ കൃഷി നശിച്ചു എന്നാണ് നാം വായിക്കുന്നത്. കത്തിച്ചവൻ ഇരട്ടി പകരം കൊടുക്കണം എന്നത് ദൈവത്തിന്റെ നിയമം ആകയാൽ ദൈവം തന്നെ അത് നിർവ്വഹിക്കുകയും ചെയ്തു. നിയമം നൽകിയത് ഇയ്യോബിന് അനേകം വർഷങ്ങൾക്കുശേഷമാണെങ്കിലും വചനം ദൈവത്തോടുകൂടെ ഉണ്ടായിരുന്നതും സ്വർഗ്ഗത്തിൽ എന്നേയ്ക്കും സ്ഥിരമാക്കപ്പെട്ടിരിക്കുന്നതുമാണല്ലോ. ദൈവം നിയമം ഉണ്ടാക്കുന്ന ദൈവം മാത്രമല്ല നിയമം അനുസരിക്കുന്നവൻ കൂടിയാണ് എന്നുള്ള ഒരു മഹത് സന്ദേശം ഇയ്യോബിന്റെ ജീവിതകഥയിൽനിന്നും നമുക്ക് ലഭിക്കുന്നു. പറയാൻ ഏറെയുണ്ടെങ്കിലും സ്ഥലപരിമിതിമൂലം ഇവിടെ നിർത്തുകയാണ്. ഇതുമായി ബന്ധപ്പെട്ട് പലതരത്തിലുള്ള ചോദ്യങ്ങളും സംശയങ്ങളും പലരിലും നാമ്പിട്ടിട്ടുണ്ടാകാം. അങ്ങനെയുള്ളവരോട് ഒരപേക്ഷ. ഇയ്യോബ് പറഞ്ഞത്; "ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവിമാത്രമേ കേട്ടിരുന്നുള്ളൂ. ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു". ഇയ്യോബിനെപ്പറ്റി നാം കേട്ടിട്ടുള്ളതും ഒരുപക്ഷേ കേൾവി മാത്രമാകാം. ശരിക്കും ആ പുസ്തകത്തെയും അതിന്റെ ഉദ്ദേശത്തെയും നേരിട്ട് കണ്ട് വായിച്ചു ബോധ്യപ്പെടാൻ മനസ്സ് കാണിക്കുക. അറിവ് കൂടാതെ ആലോചനയെ മറിച്ച് കളയുകയോ ഇരുളാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഇയ്യോബിനെപ്പോലെ നമുക്കും ഒരു മടങ്ങിവരവ് ആവശ്യമാണ്.

ഒരുവാക്കുകൂടി,

ഇയ്യോബ് അനുഭവിച്ച വേദനകൾ തന്റെ പാപം മൂലമാണെന്ന് പറയുന്നത് ശരിയല്ല. അതുപോലെ നീതിമാനായ തന്നെ ദൈവം നശിപ്പിക്കുന്നു എന്ന ഇയ്യോബിന്റെ വാക്കുകൾ ദൈവത്തിനെതിരെയുള്ള

- കഴിഞ്ഞ ലക്കം തുടർച്ച -

തന്റെ ഭോഷത്തമാണ്. ഇയ്യോബിൽ ദൈവം അനുവദിച്ച കഷ്ടതകൾ ദൈവത്തിൽ നിന്നുള്ള ഒരു പരീക്ഷയാണ്. ആ പരീക്ഷയിലൂടെ ഇയ്യോബിന്റെ പല ചിന്താഗതികളെയും ദൈവം മാറ്റി മറിക്കുന്നതായും കാണാം. ഇയ്യോബിന്റെ പുസ്തകം നല്കുന്നപാഠം: തന്റെ ഭക്തന്മാരെപ്പറ്റി ദൈവം അഭിമാനം കൊള്ളുന്നു. പ്രശംസാവാചകങ്ങളാൽ അവരെ അഭിസംബോധന ചെയ്യുന്നു. എന്നാൽ ഭക്തന്മാർ തങ്ങളുടെ സ്വയനീതിയിൽ പ്രശംസിക്കാൻ പാടില്ല. മനുഷ്യന് സ്വതവേ നീതിമാനാകാൻ കഴിയില്ല. അടിസ്ഥാനപരമായി അവൻ പാപിയാണ്. ദൈവത്തിന്റെ കൃപയാണ് ഒരുവനെ നീതിമാനായി പ്രഖ്യാപിക്കുന്നത്. അവിടെ സ്വയപ്രശംസയ്ക്ക് സ്ഥാനമില്ല. ജീവിതത്തിലെ നേട്ടങ്ങളും കോട്ടങ്ങളും ദൈവത്തിന്റെ അറിവോടും അനുവാദത്തോടുംകൂടിയാണ് സംഭവിക്കുന്നത്. ദൈവത്താൽ വിളിക്കപ്പെട്ടവർക്ക് അവ നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു. അതിന്മേൽ ദൈവത്തിന് തന്റേതായ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും ഉണ്ടാകും. ദൈവത്തിന്റെ പദ്ധതി തിരിച്ചറിയാതെ ദൈവപ്രവൃത്തിയെ ചോദ്യം ചെയ്യാൻ പാടില്ല. ദൈവത്തെ മനുഷ്യൻ അറിയുന്നത് പലപ്പോഴും കേട്ടുകേൾവിയിലൂടെയാണ്. ദൈവത്തിനെതിരെ മനുഷ്യൻ സംസാരിക്കുന്നതും ആ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലാണ്. നമ്മുടെ കൊച്ചു ജീവിതത്തിന്റെ പ്രശ്നങ്ങൾ നമ്മെ സംബന്ധിച്ച് വളരെ വലുതായി നമുക്ക് തോന്നിയേക്കാം. എന്നാൽ നമ്മെ സംബന്ധിച്ചുള്ള ദൈവീക കരുതൽ ഭൗമീകജീവിതത്തിന് അപ്പുറം നിലനിൽക്കുന്നതാണെന്നും ഭൗമീകജീവിതം കേവലം നിഴൽ മാത്രമാണെന്നും അതിനപ്പുറത്ത് ഒരു യഥാർത്ഥജീവിതം ഉണ്ടെന്നും നാം ഗ്രഹിക്കണം. നമ്മിൽ ഏതെങ്കിലും വിധത്തിലുള്ള പരീക്ഷകൾ ദൈവം അനുവദിക്കുന്നുവെങ്കിൽ അത് നമ്മെ ദൈവത്തോട് കൂടുതൽ അടുപ്പിക്കുന്നതിനും നമ്മെ ഒരുപടി കൂടി ഉയർത്താനുമുള്ള ദൈവീക മുഖാന്തിരങ്ങളായി അവയെ കാണണം.

## ഉദ്ഘാടനം ചെയ്തു



**പുതുപ്പള്ളി:** ഐ. പി. സി. തിയോളജിക്കൽ സെമിനാരിയുടെ പുതിയതായി പണികഴിപ്പിച്ച മന്നാഹോളിന്റെയും, എബനേസ്സർ അപ്പാർട്ട്മെന്റിന്റെയും ഉത്ഘാടനം സെമിനാരി ക്യാമ്പസിൽ നടന്നു. റവ. വൽസൻ ഏബ്രഹാം, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാധാ വി. നായർ എന്നിവർ മുഖ്യ അതിഥികളായി.

സൊസൈറ്റി പ്രസിഡന്റ് പാസ്റ്റർ വി. ജെ. തോമസ്, ബ്രദർ എം. എ. ജോർജ്ജ്, ബ്രദർ ജോർജ്ജ് മത്തായി ബ്രദർ വർക്കി ഏബ്രഹാം,ബ്രദർ സജി പോൾ, പാസ്റ്റർ ഇ. എ. മോസസ്, പാസ്റ്റർ മോനി ചെന്നിത്തല, ബ്രദർ ജോയി താനുവേലിൽ എന്നിവർ സംസാരിച്ചു. ഈ കെട്ടിടങ്ങളുടെ നിർമ്മാണ സമയത്ത് സൊസൈറ്റിയുടെ എസ്റ്റേറ്റ് മാനേജർമാരായി സേവനം അനുഷ്ഠിച്ച ബ്രദർ പി. എം. ചെറിയാൻ, ബ്രദർ ജേക്കബ്. റ്റി. ഏബ്രഹാം എന്നിവർക്കു സെമിനാരി സെനറ്റ് വൈസ് ചെയർമാൻ ഡോ. ഇടിചെറിയാ നൈനാൻ, മെമന്റോസ് സമ്മാനിക്കുകയും ചെയ്തു.

BELIEVERS JOURNAL
P.O. Box No. 31
Manjadi P.O,
Thiruvalla - 689 105
Ph: 944 736 8795
E-mail:
beljourn@gmail.com

## റെജി ശാമുവലിന് ഡോക്ടറേറ്റ്



റെജി ശാമുവൽ തഞ്ചാവൂരിലെ തമിഴ്നാട് യൂണിവേഴ്സിറ്റിയിൽ നിന്ന് പി.എച്ച്.ഡി. കരസ്ഥമാക്കി. കൾചറൽ ഡൈനാമിക്സ് ഓഫ് റിലീജയസ് കോൺവർസേഷൻ വിത്ത് റെഫറൻസ് റ്റു കന്യാകുമാരി, ഡിസ്ട്രിക്ട് തമിഴ്നാട് എന്ന വിഷയത്തെ കേന്ദ്രമാക്കിയുള്ള ഗവേഷണപഠനത്തി.നാണ് ഡോക്ടറേറ്റ് ലഭിച്ചത്. ഇദ്ദേഹം ഇതിനു മുമ്പ് മാസ്റ്റർ ഓഫ് ആർട്ട്സ് (എം.എ) ഇൻ ഫിലോസഫി ആന്റ് റിലീജിയനിലും മാസ്റ്റർ ഓഫ് തിയോളജി (എം. ടി. എച്ച്) ഇൻ ക്രിസ്റ്റ്യൻ തിയോളജിയിലും ബിരുധാനന്തര ബിരുദം കരസ്ഥമാക്കിയിരുന്നു. ഇപ്പോൾ ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന എക്യുമെനിക്കൽ ക്രിസ്ത്യൻ സെന്റർ വൈറ്റ് ഫീൽഡിലെ ഇന്ത്യൻ സ്കൂൾ ഓഫ് എക്യുമെനിക്കൽ തിയോളജിയുടെ ഡീൻ ആയി സേവനം അനുഷ്ഠിക്കുന്നു. തിയോളജിയിലും ഫിലോസഫിയിലും വിവിധ സ്ഥാപനങ്ങളിൽ വേദാദ്ധ്യാപകനായി പ്രവർത്തിച്ചിട്ടുണ്ട്. ACTS അക്കാഡമി ബാംഗ്ലൂർ, G F A തിയോളജിക്കൽ സെമിനാരി തിരുവല്ല, C O T R തിയോളജിക്കൽ സെമിനാരി വിശാഖ പട്ടണം എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹം കോട്ടയം വാഴൂർ ഐ. പി.സി. ബഥേൽ സഭാംഗമാണ്. ഭാര്യ അനുപമ, മകൾ റിനു.

കാലികം

# പ്രസംഗത്തിലെ ഉണർവ്വ് പ്രസംഗം ഗ്രഹിക്കാതുള്ള സ്തോത്രത്തിലോ



സജി നെടുങ്കണ്ടം
9526598380

ഇന്നത്തെ പല വചനശുശ്രൂഷയുടെയും പിൻമ്പിൽ പ്രസംഗകന്റെ കഴിവ് പ്രകടമാക്കുക എന്ന ഒറ്റ ലക്ഷ്യമേയുള്ളൂ എന്നു പറഞ്ഞാൽ എത്രപേർ ആമേൻ പറയും എന്ന് എനിക്ക് അറിയില്ല. ദൈവഹിതം മാത്രം എന്നിലൂടെ നടക്കാവു എന്ന് ആവർത്തിച്ച് പ്രസ്താവിക്കുമ്പോഴും അവനവന്റെ ഉള്ളിലെ ഹിതമാണ് സമൂഹത്തിന്റെ നടുവിൽ പ്രകടമാകുന്നത് എന്ന് എത്രപേർ ചിന്തിച്ചിട്ടുണ്ട്. ദൈവമേ അങ്ങയുടെ ഹിതമാണെങ്കിൽ മാത്രം എന്ന് പല വിഷയത്തിനും പ്രാർത്ഥിക്കുകയും എന്നാൽ ഉള്ളിലെ ആഗ്രഹം മാത്രം സാധിപ്പിച്ചെടുക്കുകയും ചെയ്യുന്ന മിടുക്കന്മാരാണ് പെന്തക്കോസ്തിൽ ഭൂരിഭാഗവും. ഇന്നത്തെ കൺവൻഷൻ പ്രസംഗം ആണെങ്കിലും, മറ്റ് ഏതെങ്കിലും ഒരു ആത്മീക ശുശ്രൂഷയാണെങ്കിലും, ദൈവനാമം മാത്രം ഉയരണം എന്ന് ആരംഭത്തിൽ ഭംഗിവാക്ക് പറയുകയും; പിന്നീട് ഒട്ടും വൈകാതെ ആദിയോടന്തം സ്വന്തം പേരും കഴിവും താൻ ചെയ്ത പ്രവൃത്തികളും വിവരിക്കുന്ന ഒട്ടനവധിപേർ ആത്മീകരുടെ ഇടയിൽ ഉണ്ട്. ദൈവഹിതം, ദൈവേഷ്ടം എന്നൊക്കെ ഭംഗി വാക്ക് പറഞ്ഞ് ആരംഭിച്ചാലും ആശിർവ്വാദം പറയുമ്പോഴേയ്ക്ക് സ്വന്തം ഇഷ്ടമാണ് നടന്നതെന്ന് നമുക്ക് മനസിലാകും. ദൈവഹിതം എന്ന് പ്രസ്താവിക്കുന്ന ഒരു വലിയ വാക്ക് ഇത്രയും വിലകുറച്ച് കളയുന്ന ഒരു കൂട്ടർ ഭൂമിയിൽ ഉണ്ടെങ്കിൽ അത് പെന്തക്കോസ്തുകാർ ആയിരിക്കും എന്നതിന് സംശയം വേണ്ട. സ്തോത്രത്തിന്റെ വില മറന്ന് സൂത്രത്തിൽ പലതും കാട്ടിക്കൂട്ടുന്ന പെന്തക്കോസ്തുകാർ ദൈവത്തിന്റെ നാമം പലപ്പോഴും ദൂഷിക്കുന്നുയെന്ന് ഗ്രഹിക്കുന്നില്ല. ജനത്തെകൊണ്ട് എങ്ങനെയെങ്കിലും ഒന്ന് ആരാധിപ്പിച്ച് താൻ നല്ലൊരു വർഷിപ്പ് ലീഡർ ആണ് എന്ന് വരുത്തിതീർക്കാൻ കാട്ടിക്കൂട്ടുന്ന മറയത്തരങ്ങൾ പലപ്പോഴും ദുഃഖത്തോടെ ഓർക്കാറുണ്ട്. "നിന്റെ വായ് വിസ്താരത്തിൽ തുറക്ക ഞാൻ അതിനെ നിറയ്ക്കും." എന്ന വേദഭാഗം ആവർത്തിച്ച് പറഞ്ഞ് കീഴ്ത്താടിയുടെ ജോയിന്റ് വിട്ടുപോകുന്ന രീതിയിൽ സ്തുതിപ്പിക്കുന്നതും ഉന്തി മരത്തിൽ കേറ്റുന്ന രീതിയിലുള്ള ആരാധിപ്പിക്കലും എല്ലാം ദൈവജനത്തിന്റെ ഇടയിലെ ചില ഡ്യൂപ്ലിക്കേറ്റ് വർഷിപ്പായി മാറുന്നില്ലേയെന്ന് തോന്നിപോകുന്നു.

പ്രസംഗത്തിന് എഴുന്നേൽക്കുമ്പോൾ പലരും ദൈവനാമം മാത്രം മഹത്വപ്പെടണം എന്ന് ഭംഗി വാക്ക് പറഞ്ഞ് ആരംഭിക്കുകയും, ആദിയോടന്തം തന്റെ പ്രസംഗം ജനമദ്ധ്യേ ശോഭിക്കാൻ കാട്ടികൂട്ടുന്ന വിക്രിയകളും എത്രയോ ലജ്ജാകരമാണ്. ജനം തിരമാല അടിക്കുന്നതുപോലെ ഒച്ചവെച്ചിരുന്നെങ്കിൽ മാത്രമേ ശുശ്രൂഷശോഭിക്കൂ എന്ന അബദ്ധ വിചാരം പല പ്രസംഗകരെയും ജനത്തെകൊണ്ട് വെറുതെ ഒച്ചവെപ്പിക്കുവാൻ നിർബന്ധിക്കുന്നു. എന്നാൽ വലിയ വിലയുള്ള ആനയെ ഉത്സവത്തിന് എഴുന്നുള്ളിപ്പിന് കൊണ്ടുവരുമ്പോൾ, ഉത്സവത്തിന്റെ ഗൗരവം ആനയ്ക്ക് അറിയാത്തതിനാൽ അതിന്റെ ശ്രദ്ധ മുഴുവനും പഴത്തൊലിയോ, കാളാമുണ്ടനോ ആയിരിക്കും. ഇതുപോലെ ആരാധനയുടെ ഗൗരവം അറിയാത്ത പലപുള്ളികളും ആരാധനമദ്ധ്യേ അനങ്ങാപ്പാറയായി ഇരിക്കും. അങ്ങനെയുള്ളവരുടെ വായ് വിസ്താരത്തിൽ തുറപ്പിച്ച് വെറുതെ സമയം കളയുന്നതിനേക്കാൾ നല്ലത് ആരാധനയുടെ ആഴവും ആവശ്യകതയും വചനത്തിലൂടെ അവന് പറഞ്ഞുകൊടുക്കുകയാണ് വേണ്ടത്. പ്രസംഗത്തിനിടയിൽ അടുത്ത വാക്ക് കിട്ടാതെ വരുമ്പോൾ ജനത്തിന്റെ കണ്ണിൽ പൊടിയിടാൻ നാം സ്തോത്രം, ഹല്ലേല്ലൂയ്യാ എന്നീ പദങ്ങൾ ഉപയോഗിക്കരുത്. വചനത്തിന്റെ വിലമറന്നും, വിലകളഞ്ഞുമുള്ള ഗോഷ്ടി പ്രകടനം പെന്തക്കോസ്തുകാർ നിർത്തേണ്ടകാലം അതിക്രമിച്ചു. വചനം ജനം ഗ്രഹിക്കുമ്പോൾ അവൻ അറിയാതെ ദൈവത്തെ സ്തുതിച്ച് തുടങ്ങും. എന്നാൽ പ്രസംഗം ഗ്രഹിക്കാത്ത ജനത്തെകൊണ്ട് വെറുതെ സ്തുതിപ്പിച്ചു വിടുന്ന രീതി ഒട്ടും ശരിയല്ലായെന്ന് ഓർമ്മിപ്പിക്കട്ടെ. വചനത്തിലെ ഓരോ വാക്കുകൾക്കും, അക്ഷരത്തിനുപോലും അതിന്റേതായ വിലയുണ്ടെന്ന് മറക്കരുത്.

"സ്തോത്രം എന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു." (സങ്കീ. 50:23). സ്തോത്രം എന്ന് നാം ഉച്ചത്തിൽ പറയുമ്പോൾ ഓരോരുത്തരും ദൈവത്തിന് യാഗം അർപ്പിക്കുകയാണ്. പഴയനിയമത്തിൽ കാണുന്ന ആരാധനയ്ക്ക് ആരും വെറും കൈയോടെ വരാറില്ല. അവരുടെ കഴിവിന് അനുസരിച്ചുള്ളതിനെ യാഗത്തിന് കൊണ്ടുവരും. പഴയനിയമ ആരാധന ദൈവത്തിന് കൊടുക്കുകയാണ്. എന്നാൽ പുതിയനിയമ ആരാധനയിൽ ഏതാണ്ട് എല്ലാവരും തന്നെ ദൈവത്തിൽനിന്നും വാങ്ങാൻ പോകുന്നവരാണ്. ഉപവാസം ആണെങ്കിലും, മാസയോഗം, ഭവനപ്രാർത്ഥന, ആരാധന ഇവിടെ എല്ലാം ദൈവത്തിൽ നിന്നും ലഭിക്കേണ്ട ലിസ്റ്റുമായിട്ടാണ് നാം പോകുന്നത്. എന്നാൽ ദൈവവചനം പറയുന്നു "യഹോവയ്ക്ക് കൊടുക്കുക...അവന്റെ നാമത്തിന് തക്കമഹത്വം കൊടുക്കുക". നാം അവന് മഹത്വം കൊടുത്ത് ആരാധിച്ചാൽ അവൻ നമ്മെ അനുഗ്രഹിച്ച് പറഞ്ഞയയ്ക്കും. "ഞാൻ പാട്ടോടെ ദൈവത്തിന്റെ നാമത്തെ സ്തുതിക്കും; സ്തോത്രത്തോടെ അവനെ മഹത്വപ്പെടുത്തും. അത് യഹോവയ്ക്ക് കാളയേക്കാളും കൊമ്പും കുളമ്പുമുള്ള മൂരിയേക്കാളും പ്രസാദമാകും." (സങ്കീ. 69:30-31). ദൈവീക ശുശ്രൂഷയെ ആരെങ്കിലും കുട്ടിക്കളിയായി കണ്ടാൽ അവരെ ന്യായാസനത്തിന്റെ മുമ്പിൽ കൊണ്ടുവരുന്ന ഒരു ദൈവം ഉണ്ട് എന്ന കാര്യം നാം മറക്കരുത്.

# Is Jesus merely a Revolutionary Leader?

## (An answer to Mar Chrisostom and Pinarayi Vijayan)

THOMAS VEMMELIL

Who is Jesus? Is Jesus of Nazareth merely a great leader, a great teacher, and a model of the most sacred human values? Or is He a great Revolutionist ever lived in the human history?These are few of the great questions among men since the birth of Jesus nearly two thousand years ago. The Jews of His day who opposed Him said that He was a mere carpenter from Nazareth, the son of Joseph; they said that He was only a man. Others among the Jews said that He was John the Baptist, or Elijah, Jeremiah, or one of the prophets. The Gentiles of the past generations have said that He was a religious revolutionary, a great philosopher, a noble moralist, or a sacrificial servant. Now the Marxist Communist Party in Kerala claims Jesus to be their leader in the form of a great Revolutionist to which Mar Chrisostom endorses his signature.

In the New Testament we find Jews suffering under the hands of the Roman Empire, having lost control of their country. The Jews were ridiculed as men without a country. The Lord was born shortly after the conquest of the Jewish nation. At that time the rulers, like Pontius Pilate, were Gentiles, yet they were still God's appointed authorities. Once the Pharisees tempted the Lord by asking Him, "Is it lawful to give tribute to Caesar, or not?" The Lord answered, "Render then the things that are Caesar's to Caesar and the things that are God's to God" (Matt. 22:17, 21). This means that the Lord acknowledged Caesar's authority. He acknowledged the existence of earthly authorities. If the Lord did not know God, He could very well have become a revolutionary leader. But He never gave Himself to any revolutionary movement. He recognized the authority of human government as coming from God.

One day Jesus at Caesarea Philippi asked His disciples, "Who do men say that the Son of Man is? And they said, Some, John the Baptist; and others, Elijah; and still others, Jeremiah or one of the prophets" (Matt. 16:13-14).Then Jesus proceeded to ask them a most pointed question, a question which we all must answer: "But you, who do you say that I am?" (v. 15). Only one of Jesus' disciples, Peter, answered by saying, "You are the Christ, the Son of the living God" (v. 16). By saying that Jesus was the Son of the living God, Peter was saying that Christ was God Himself (John 10:30, 33; 5:18; 1:1; 20:28; 1 John 5:20; Phil. 2:6; Heb. 1:8). The Lord responded to Peter by saying, "Blessed are you, Simon Barjona, because flesh and blood has not revealed this to you, but My Father who is in the heavens" (v. 17). We need heavenly revelation to receive the blessing of seeing who Christ really is.

The Gospel of John tells the story of a disciple named Thomas who refused to believe the other disciples when they told him that they had seen Jesus after His resurrection. Thomas said, "Unless I see in His hands the mark of the nails and put my finger into the mark of the nails and put my hand into His side, I will by no means believe" (20:25). Eight days later Jesus appeared to the disciples again, and this time Thomas was with them. "Then He said to Thomas, Bring your finger here and see My hands, and bring your hand and put it into My side; and do not be unbelieving, but believing. Thomas answered and said to Him, My Lord and my God! Jesus said to him, Because you have seen Me, you have believed. Blessed are those who have not seen and have believed" (vv. 27-29). Thomas's declaration of belief was that Jesus was his Lord and his God. Jesus' response was that all who believe as Thomas did are blessed. Apostle John concludes in verse 31 "But these have been written that you may believe that Jesus is the Christ, the Son of God, and that believing, you may have life in His name".

One of the most important foundations of the Christian faith is the confession that Christ is God. Christ is not just a great man; He is the very God Himself. When one of Christ's disciples, Peter, acknowledged that Christ was the Son of the living God, he was proclaiming one of the greatest mysteries of the universe. The Christian church is founded upon this revelation of the divine person of Christ. Martin Luther, the Protestant reformer, said, "Take hold of Jesus as a man, and you will discover that He is God."

If you want to know who a man is, you must ask him. Throughout history no philosopher, religious leader, or sage has dared to claim to be God. Only Jesus said that He is God.

# ഐ. പി. സി. ആലപ്പുഴ ഈസ്റ്റ് സെന്റർ 40-ാമത് കൺവൻഷൻ

ആലപ്പുഴ ഈസ്റ്റ് സെന്റർ 40-ാമത് കൺവൻഷൻ 2012 ഫെബ്രുവരി 8 മുതൽ 12 വരെ കായംകുളം ഫെയ്ത്ത് സെന്റർ ഗ്രൗണ്ടിൽവച്ച് നടത്തപ്പെടുന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ എം. വി. വർഗീസ് ഉദ്ഘാടനം ചെയ്യുന്നതാണ്. രാത്രി യോഗങ്ങളിൽ പാസ്റ്റർമാരായ കെ. സി. ജോൺ, ബാബു ചെറിയാൻ, പി.സി. ചെറിയാൻ, വർഗീസ് ഏബ്രഹാം, ബി.മോനച്ചൻ എന്നിവർ പ്രസംഗിക്കുന്നതായിരിക്കും. വ്യാഴാഴ്ച പകൽ 10 മണിക്ക് സോദരീസമാജ വാർഷികവും വെള്ളിയാഴ്ച പകൽ ഉപവാസപ്രാർത്ഥനയും ഐ.പി.സി കായംകുളം ഫെയ്ത്ത് സെന്റർ ഹാളിൽ വച്ച് നടക്കുന്നതായിരിക്കും. പുത്രികാ സംഘടനകളായ പി. വൈ. പി. എ., സൺഡേസ്കൂൾ എന്നിവയുടെ സംയുക്ത വാർഷിക സമ്മേളനം ശനിയാഴ്ച 2 മണി മുതൽ 4 വരെ. ഞായറാഴ്ചത്തെ സംയുക്ത സഭായോഗത്തിൽ പാസ്റ്റർ എം.വി. വർഗ്ഗീസ് കർതൃമേശാശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്നതും അസോ. പാസ്റ്റർ പാസ്റ്റർ ബി. മോനച്ചൻ പ്രസംഗിക്കുന്നതും ആയിരിക്കും.

എല്ലാ ദിവസങ്ങളിലും തിരുവല്ല ബ്ലസിംഗ് വോയ്സിന്റെ ഗാനശുശ്രൂഷയുണ്ട്. കൺവൻഷന്റെ വിജയാനുഗ്രഹങ്ങൾക്കായി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ബ്രദർ എം. വി. ഫിലിപ്പ് (9447089456) പബ്ലിസിറ്റി കൺവീനറായി പ്രവർത്തിക്കുന്നു.

10 February 2012
Vol: 05, Issue: 03

RNI. No. KERMAL/2008/26530
Postal Reg. No. KL/TLA 225/2012 -14
Posted on 10 the February 2012 at RMS Thiruvalla

Believers Journal

BELIEVERS JOURNAL
P.O. Box: 31, Manjadi P.O
Thiruvalla, Kerala - 689 105
Office: 9349276586, Mob: 9447368795
beljourn@gmail.com,www. beljourn.com

# ഹൈക്കോടതി വിധി പരാതിക്കാരന് മാത്രം ബാധകം വിശ്വാസികൾക്ക് ആശങ്ക വേണ്ട: പി. സി. ഐ.

അയൽക്കാർക്കോ പൊതുജനങ്ങൾക്കോ ശല്യമുണ്ടാകാത്ത വിധത്തിൽ ഭവന പ്രാർത്ഥന നടത്താനുള്ള വിശ്വാസികളുടെ അവകാശത്തെ ഹൈക്കോടതി നിരോധിച്ചിട്ടില്ലെന്ന് പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ പ്രസിഡന്റ് തോമസ് വടക്കേക്കൂറ്റും, ജനറൽ സെക്രട്ടറി കെ.എൻ. റസ്സലും പറഞ്ഞു.

കേരള ഹൈക്കോടതിയുടെ 2011 ഡിസംബർ 15-ലെ വിധി പരാതിക്കാരനു മാത്രമാണ് ബാധകം അല്ലാതെ എല്ലാ സഭകൾക്കും ഈ വിധി ബാധകമല്ല. പ്രാർത്ഥന നടത്തുന്നതിന് കളക്ടറുടെയോ മറ്റേതെങ്കിലും അധികാരികളുടെയോ അനുവാദം ആവശ്യമുള്ളതായി കോടതി പറഞ്ഞിട്ടില്ല.



Exhibit R1(a) എന്ന ഗവൺമെന്റ് ഓർഡർ പ്രകാരമാണ് വിധി. ഈ ഉത്തരവിൽ രാത്രി 11 മണി മുതൽ രാവിലെ 6 മണിവരെ ലൗഡ് സ്പീക്കർ ഉപയോഗിക്കാൻ പാടില്ലെന്നും ആരാധനാലയങ്ങൾ പണിയുന്നതിന് ജില്ലാ കളക്ടറുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കണമെന്നും വ്യക്തമാക്കുന്നു.

എന്നാൽ വീട്ടിൽ പ്രാർത്ഥന നടത്തുന്നതിന് കളക്ടറുടെ മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്ന് സർക്കാർ ഉത്തരവിൽ പറയുന്നില്ല. ആരാധനാലയം പണിയാനാണ് അനുമതി വേണ്ടത്. ഈ ഉത്തരവിനെ ആധാരമാക്കി വിധിച്ചിരിക്കുന്ന വിധി പരാതിക്കാരന് മാത്രമാണ് ബാധകമായിരിക്കുന്നത്.

അതുകൊണ്ട് ഭവന പ്രാർത്ഥനകൾ നടത്തുന്നതിന് പെന്തക്കോസ്തുകാർ ആശങ്കപ്പെടേണ്ടതില്ലെന്നും അവർ പറഞ്ഞു. വിധിയെ വ്യാഖ്യാനിച്ചതിൽ മാധ്യമങ്ങൾക്ക് ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചത്. വിശ്വാസികളുടെ ഇടയിൽ അങ്കലാപ്പുണ്ടാക്കിയത് ഈ മാധ്യമപ്രചരണമാണ്. കേരളത്തിലെ 7000 പെന്തക്കോസ്തു സഭകളിൽ 7000 ഭവന പ്രാർത്ഥനകളാണ് ആഴ്ചതോറും നടക്കുന്നതെന്നും പി.സി.ഐ ഭാരവാഹികൾ അറിയിച്ചു.

# പി. സി. എൻ. എ. കെ. സഹായ വിതരണം നടത്തി




സഹായ വിതരണ സമ്മേളനത്തിൽ റവ. തോമസ് മാത്യു അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു

**തിരുവല്ല:** 29-ാമത് പി. സി. എൻ. എ. കെയുടെ ചുമതലയിൽ ജീവകാരുണ്യ സഹായ വിതരണം നടന്നു. കൺവീനർ റവ. തോമസ് മാത്യു അദ്ധ്യക്ഷത വഹിച്ചു. റവ. തോമസ്. എം. കിടങ്ങാലിൽ (സെക്രട്ടറി), ഷാജി മണിയാറ്റ് (ട്രഷറാർ), റവ. റ്റൈറ്റസ് ഈപ്പൻ എന്നിവർ സംബന്ധിച്ചു. പാസ്റ്റേഴ്സ് റ്റി. എസ്. ഏബ്രഹാം, എം. കുഞ്ഞപ്പി, തോമസ് ഫിലിപ്പ്, സി. വി. ജോൺ, പി. സി. ചെറിയാൻ, ജോൺസൺ ദാനിയേൽ, കെ. സി. ജോൺ, ബ്രദർ കെ. എം. റസ്സൽ പി. സി. ജോർജ്ജ് എം. എൽ. എ., രാജു ഏബ്രഹാം എം. എൽ. എ. തുടങ്ങിയവർ പ്രസംഗിച്ചു.

## വിചാരണ

# നവ ഉണർവ്വിലെ ചൂണ്ടക്കൊളുത്തുകൾ



ക്രിസ്റ്റി. പി. ജോൺ,
പള്ളിക്കുന്നേൽ – 9048417533
christyjohnp@gmail.com

പെന്തക്കോസ്ത് പ്രവാഹങ്ങളിൽ നിന്നും പുനർജനിച്ച ആത്മീയതയുടെ പുത്തൻ ചാലുകളാണ് ന്യൂജനറേഷൻ വിഭാഗങ്ങൾ. ആത്മീയതയ്ക്ക് വേണ്ടിയുള്ള ഒടുങ്ങാത്ത തൃഷ്ണകളും, ദൈവസാനിധ്യനുഭവങ്ങൾക്കായുള്ള അഭിനിവേശവും, ഈ ജനതയിൽ സർവ്വ പ്രകടമാണ്. ആത്മാവിന്റെ വിശപ്പാണ് ആത്മീയത. അത് നികത്തുന്ന അപ്പം ദൈവം മാത്രം ആണ്. ആത്മീയതയ്ക്ക് അതിതീക്ഷ്ണത കൈവരുമ്പോൾ അത് അന്ധതയായി പരിണമിക്കാറുണ്ട്. മുറിവേറ്റവനെ കണ്ടിട്ടും കാണാതെ പോകുന്ന ലേവ്യപുരോഹിതനയങ്ങളായത് രൂപപ്പെടാറുണ്ട്. പ്രവർത്തിയെന്ന മൂലധനംകൊണ്ട് ദൈവനീതി കൈവരിക്കപ്പെട്ടിരുന്ന കാലത്തിന്റെ പ്രത്യേകതയായി നമുക്കതിനെ കരുതാം. എന്നാലിത് വിശ്വാസത്തിന്റെ കരുത്തിൽ, ദൈവനീതിയുടെ ആർജവത്വം കൈകൊള്ളുന്ന പുതിയ നിയമത്തിന്റെ യുഗമാണ്. ഇനി ആത്മീയതയുടെ പേരിൽ മനുഷ്യരിൽ നിന്നൊരു വിടവ് നമുക്ക് വേണ്ട. എന്നാൽ പലപ്പോഴും ആത്മീക അഭിവാഞ്ചകളുടെ അതിജ്വലനം, നമുക്കിടയിൽ പലതിനോടും അകലങ്ങൾ തീർക്കുന്നു. ന്യൂജനറേഷന്റെ ആത്മീക സമീപനങ്ങൾ പലതും അപകടകരമാണ്. എന്നാൽ ഇതറിയാതെ അതിനെ പിൻതുടരുവാൻ പല പെന്തക്കോസ്തരും തയ്യാറാകുന്നു എന്നതാണ് സത്യം.

ആത്മവരങ്ങൾ നേടുവാനുള്ള പരക്കം പാച്ചിലുകൾ, ന്യൂജനറേഷനെ ആത്മരഹിത മേഖലകളിൽ സഞ്ചരിക്കുവാൻ പ്രേരിപ്പിക്കുന്നു. ദൈവീക കൃപാവരങ്ങൾക്ക് സമൂഹം അദ്ഭുത സിദ്ധിയുടെ പരികല്പന നൽകുന്നുണ്ട്. ദേവസ്യാമുല്ലക്കരസാറിന്റെ ഫ്ളക്സുകളിൽ അദ്ദേഹത്തിന്റെ ചിത്രത്തിന്റെ ബാക്ഗ്രൗണ്ടായി പ്രകാശവലയങ്ങൾ പ്രിന്റ് ചെയ്യുന്നത് ഇതിന്റെ ഭാഗമാണ്. സമൂഹത്തെ ദൈവത്തിങ്കലേക്ക് ആകർഷിക്കുക എന്നതിൽ ഉപരിയായി അദ്ഭുതസിദ്ധികളിലേക്ക് ആകർഷിക്കുക എന്ന തന്ത്രം ഇവിടെ പ്രയോഗിക്കുന്നു. ഇന്ന് പുറത്തിറങ്ങുന്ന ഭൂരിപക്ഷ യുവശുശ്രൂഷകരും ന്യൂജനറേഷൻ കാഴ്ചപ്പാടിൽ പ്രയാണം ചെയ്യാൻ ഇഷ്ടപ്പെടുന്നവരാണ്.

ജനപ്പെരുപ്പത്തിനും ധനസ്വരൂപണത്തിനും വകതേടുമ്പോൾ കുറുക്കു വഴി ന്യൂജനറേഷൻ തന്നെയാണ്. തിയോളജി സർട്ടിഫിക്കറ്റിനേക്കാൾ ഉപരി, ജനത്തെ ആകർഷിക്കുന്ന വിധത്തിൽ കൃപാവര പ്രാപ്തിയാണിവിടെ ആവശ്യം. തന്മൂലം എന്ത് വിലകൊടുത്തും കൃപാവരപ്രാപ്തരാകാൻ ഈ സമൂഹം കൊതിക്കുന്നു. ഈ കൊതിയിൽ വ്യവഹരിക്കുന്ന ന്യൂനപക്ഷത്തിന് നേരെ ചൂഷണ ചൂണ്ടകളുമായി പല കക്ഷികളും രംഗത്തിറങ്ങിയിട്ടുണ്ട്. കൃപാവര പ്രാപ്തരാകാൻ കൊതിക്കുന്നവർക്ക് വേണ്ടി ഇന്ന് പവർ – ഫയർ കോൺഫ്രൻസുകൾ നടത്തപ്പെടുന്നു. ഒരു ദിവസം മുതൽ 3 മാസം വരെ കാലദൈർഘ്യത്തിൽ നടക്കുന്ന ഇത്തരം മീറ്റിംഗുകൾക്ക് 500 രൂപ മുതൽ 15000 രുപവരെയാണ് ഫീസ് ഈടാക്കുന്നത്. പങ്കെടുക്കുന്നവർക്കായ് റോക് മ്യൂസിക്കും, അപസ്മാര വ്യാധി പിടിപ്പിക്കുന്ന പ്രസംഗങ്ങളും നടത്തി, എല്ലാം ആയി എന്ന് തെറ്റിധരിപ്പിക്കുന്നു. മനസ്സിൽ തോന്നുന്ന ദിവാസ്വപ്നങ്ങൾ കൃപാവരമാണെന്ന് തെറ്റിധരിപ്പിക്കും. ഇങ്ങനെ പ്രത്യക്ഷത്തിൽ ഒരു സമൂഹത്തെ മുഴുവൻ വിഡ്ഢികളാക്കാം. യാഥാർത്ഥ്യത്തിൽ ഓരോ വ്യക്തിയിലും തന്നെ ദൈവമായി ഭരമേൽപ്പിച്ചിരിക്കുന്ന വിളിയും തെരഞ്ഞെടുപ്പും മനസ്സിലാകാതെ, സ്റ്റേജിൽ നിൽക്കുന്നവരുടെ ശുശ്രൂഷ പ്രാപിപ്പാൻ ജനത്തിൽ ദാഹം ജനിക്കുന്നു. ദൈവഹിതത്തിൽ നിന്നും വ്യതിചലിച്ച് മാനുഷിക ഹിതത്തിലേക്കുള്ള പ്രയാണമായ് ഇത് മാറ്റപ്പെടുന്നു.

> ജനപ്പെരുപ്പത്തിനും ധനസ്വരൂപണത്തിനും വകതേടുമ്പോൾ കുറുക്കു വഴി ന്യൂജനറേഷൻ തന്നെയാണ്. തിയോളജി സർട്ടിഫിക്കറ്റിനേക്കാൾ ഉപരി, ജനത്തെ ആകർഷിക്കുന്ന വിധത്തിൽ കൃപാവര പ്രാപ്തിയാണിവിടെ ആവശ്യം. തന്മൂലം എന്ത് വിലകൊടുത്തും കൃപാവരപ്രാപ്തരാകാൻ ഈ സമൂഹം കൊതിക്കുന്നു. ഈ കൊതിയിൽ വ്യവഹരിക്കുന്ന ന്യൂനപക്ഷത്തിന് നേരെ ചൂഷണ ചൂണ്ടകളുമായി പല കക്ഷികളും രംഗത്തിറങ്ങിയിട്ടുണ്ട്. കൃപാവര പ്രാപ്തരാകാൻ കൊതിക്കുന്നവർക്ക് വേണ്ടി ഇന്ന് പവർ – ഫയർ കോൺഫ്രൻസുകൾ നടത്തപ്പെടുന്നു. ഒരു ദിവസം മുതൽ 3 മാസം വരെ കാലദൈർഘ്യത്തിൽ നടക്കുന്ന ഇത്തരം മീറ്റിംഗുകൾക്ക് 500 രൂപ മുതൽ 15000 രുപവരെയാണ് ഫീസ് ഈടാക്കുന്നത്. പങ്കെടുക്കുന്നവർക്കായ് റോക് മ്യൂസിക്കും, അപസ്മാര വ്യാധി പിടിപ്പിക്കുന്ന പ്രസംഗങ്ങളും നടത്തി, എല്ലാം ആയി എന്ന് തെറ്റിധരിപ്പിക്കുന്നു.

ദൈവീക കൃപാവരങ്ങളെ അത്ഭുത സിദ്ധിയുടെ ആടയും തോടും അണിയിച്ച് പൊതുജനസമക്ഷം വില്പനയ്ക്ക് നിരത്തുന്നു. അങ്ങനെ കമ്പോളസമൂഹത്തിന്റെ ആവശ്യമറിഞ്ഞ് അദ്ഭുതസിദ്ധിയുടെ വാണിജ്യം തകൃതിയായ് കൊഴുക്കുന്നു. തേനിയിൽ നിന്നും കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്ന പാണ്ടിനാടൻ ശുശ്രൂഷകളും, ബാംഗ്ലൂരിൽ ചവച്ചിട്ട് കേരളത്തിലേക്ക് തുപ്പുന്ന ചവറ് തത്വങ്ങളും വെളിപ്പാടിന്റെ പാത്രത്തിൽ വാരിക്കൂട്ടിയും കൂട്ടിയിളക്കിയും ക്രൈസ്തവ കൈരളിക്ക് വിളമ്പുവാൻ സാമച്ചൻ പ്രവാചകനും തയ്യാറാണ്. ദൈവസംസർഗ്ഗം സംബന്ധിച്ചു ന്യൂജനറേഷൻ പഠിപ്പിക്കൽ വിവാദാത്മകമാണ്.

**നിങ്ങൾ ദൈവശബ്ദം കേൾക്കാൻ കൊതിക്കുന്നുവോ?**

എങ്കിൽ ചെയ്യേണ്ടത് ഇത്രമാത്രം. 2 പ്ലാസ്റ്റിക് കസേര എടുക്കുക. ഒരു കസേരയിൽ നിങ്ങൾ ഇരിക്കുക. അടുത്ത കസേരയിൽ ദൈവം ഇരിക്കുന്നു എന്ന് സങ്കല്പിക്കുക. എന്നിട്ട് കസേരയിൽ അധിവസിക്കുന്ന ദൈവസാന്നിധ്യത്തെ സ്തുതിക്കുക. അതിനോട് സംസാരിക്കുക. ഒരു പത്ത് ദിവസം ഇങ്ങനെ ചെയ്യുക. പതിനൊന്നാം ദിനം നിങ്ങൾ വ്യക്തികളുടെ മനസ്സുവായിക്കുന്ന ഉഗ്രൻ പ്രവാചകൻ "കസേര എന്ന വിഗ്രഹത്തിൽ സർവ്വശക്തനായ ദൈവത്തെ കണ്ടെത്തുക" പുതിയ ന്യൂജനറേഷൻ വെളിപ്പാട് ഉഗ്രൻതന്നെ. ഇങ്ങനെ ഒന്നും ഉരിയാടാതെ ദിവസങ്ങൾക്കൊണ്ട് നിങ്ങൾ അർഹിച്ചെടുക്കുന്ന ഈ കൃപാവരം ഒരു മഹാസിദ്ധി തന്നെ. അതിനെ അങ്ങനെ ഉപയോഗിച്ചു കൊള്ളുക.

എന്നാൽ വേദപുസ്തകം വിഭാവനം ചെയ്യുന്ന ദൈവീക കൃപാവരം ആരും തങ്ങളുടെ യജ്ഞത്താലോ സ്വയത്യാഗത്താലോ സ്വയശിക്ഷണത്താലോ അർഹിക്കുന്നതല്ല. ദൈവം തന്റെ കൃപയാൽ ചൊരിയുന്നതാണ്. ന്യൂജനറേഷന്റെ അടുത്ത ഉപദേശം ഉപവാസം തപസ്സുപോലെ ആക്കുക എന്നതാണ്. "ഹല്ലേല്ലുയ്യായോ,..സ്തോത്രമോ ഒന്നും ഉരുവിടാതെ മന്ത്രോച്ചാരണങ്ങൾപ്പോലെ അന്യഭാഷ മാത്രം ഉരുവിട്ടുകൊണ്ട് സമയം തള്ളിനീക്കുക, അങ്ങനെ ദിവസങ്ങളോളം അന്യഭാഷ മാത്രം. ഉരുവിട്ട് ഒരു സിദ്ധനായ് പുറത്ത് വരിക. നിങ്ങൾ ശുശ്രൂഷയിൽ ആരാകാൻ ആഗ്രഹിക്കുന്നു. അത് ദൈവത്തിൽ നിന്നും നിർബന്ധമായ് പിടിച്ച് വാങ്ങുക. നിങ്ങളുടെ വിളിയും തിരഞ്ഞെടു



Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd. Eloor For Goodnews Printing Press Kottayam1 (Kerala ) Editor - Samkutty Mathew.